നം.കെ.എസ്.എ.പി.റ്റി.എ./പി-6/1288/2016 തീയതി: 02.12.2016

**പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.06.2016 മുതൽ 30.09.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.11.2016 മുതൽ 16.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ ജോർജ് പി മാത്യൂ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി സൂര്യപ്രഭ പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സ്മിത റ്റി, ഓഡിറ്റർ<br>ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1.ശ്രീമതി മേഴ്സി പാണ്ടിയത്ത് | 01.04.2015മുതൽ 31.10.2015 വരെ |
| | 2.ഭരണ നിർവ്വഹണ സമിതി | 1.11.2015 മുതൽ 18.11.2015 |
| | 3.ശ്രീ. മാത്യൂ(ബാബു പുല്ലാട്) | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | 1.ശ്രീ. ജോൺ കെ തോമസ് | 01.04.2015 മുതൽ 24.07.2015 വരെ |
| | 2.ശ്രീ.കെ.എസ്.സ്കറിയ | 25.07.2015 മുതൽ 30.11.2015 വരെ |
| | 3.ശ്രീ.എൻ സുരേന്ദ്രൻ (അസി.സെക്രട്ടറി, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്, അധിക ചുമതല) | 01.12.2015 മുതൽ 24.01.2016 വരെ |
| | 4.ശ്രീ. ശ്രീരാജ് ആർ | 25.01.2016 മുതൽ 05.02.2016 വരെ |
| | 5.ശ്രീ.എൻ സുരേന്ദ്രൻ (അസി.സെക്രട്ടറി, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്, അധിക ചുമതല) | 06.02.2016 മുതൽ 25.02.2016 വരെ |
| | 6.ശ്രീ. ശ്രീരാജ് ആർ | 26.02.2016 മുതൽ 31.03.2016 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2015-16

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ജാഗ്രതാ സമിതികൾ നിയമാനുസൃതം വിളിച്ചുകൂട്ടുന്നില്ല | 1-9 |
| 10 | മിനിറ്റ്സ് ബുക്കുകൾ- അപാകതകൾ | 1-10 |
| 11 | പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല | 1-11 |
| 12 | ദുരിതാശ്വാസ നിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല | 1-12 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-13 |
| 14 | വർക്കിംഗ് ഗ്രൂപ്പ് | 1-14 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-15 |
| | ഭാഗം-2 | |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചില്ല ; പഞ്ചായത്തിനു വരുമാനനഷ്ടം | 2-1 |
| 17 | തൊഴിൽ നികുതി - അപാകതകൾ | 2-2 |
| 18 | ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നതിലെ നടപടി ക്രമങ്ങളിൽ വീഴ്ച. | 2-3 |
| 19 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-4 |

| | | |
|---|---|---|
| 20 | വാടക ഈടാക്കുന്നില്ല | 2-5 |
| 21 | പരസ്യ നികുതി ഈടാക്കുന്നില്ല – വരുമാന നഷ്ടം | 2-6 |
| | ഭാഗം 3 | |
| 22 | പ്രോജക്'ട് നിർവ്വഹണത്തിൽ വീഴ്ച-ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 1.01 കോടി രൂപ | 3-1 |
| 23 | വികസന ഫണ്ട് - വകയിരുത്തിയതിൽ കുറവ് വന്നത് 45.85 ലക്ഷം രൂപ | 3-2 |
| 24 | തെരുവുവിളക്കുകളുടെ മീറ്ററിംഗ് - പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്തതു മൂലം അധികച്ചെലവ് | 3-3 |
| 25 | ജവഹർലാൽ നെഹ്റു ജയന്തി ഭവനനിർമ്മാണം-പ്രോജക്ട് നിർവ്വഹണത്തിലെ വീഴ്ചകൾ | 3-4 |
| 26 | പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രമില്ലാതെ കുഴൽക്കിണർ നിർമ്മാണത്തിന് പ്രത്യേക ഘടക പദ്ധതി ഫണ്ട് ഉപയോഗിച്ചു | 3-5 |
| 27 | എ.ബി.സി പ്രോഗ്രാം- പൂർത്തീകരണ രേഖകളില്ല | 3-6 |
| 28 | എസ്.എസ്.എ. - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-7 |
| 29 | ഡേറ്റാ എൻട്രി നടത്തിയതിന് പ്രതിഫലം-കൃത്യമായ കണക്കുകളില്ല | 3-8 |
| 30 | സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-9 |
| 31 | പ്രിന്റ് ചെയ്ത സ്റ്റാറ്റസ് റിപ്പോർട്ടും ഗുണഭോക്തൃ ലിസ്റ്റും വിതരണം ചെയ്തതായി രേഖയില്ല | 3-10 |
| 32 | കന്നുകുട്ടി പരിപാലന പദ്ധതി - പ്രത്യേക ഘടക പദ്ധതി ഫണ്ട് 1.75 ലക്ഷം രൂപ പാഴായി | 3-11 |
| 33 | സമ്പൂർണ്ണ ഊർജ്ജസുരക്ഷാ പദ്ധതി ; 4.72 ലക്ഷം രൂപയുടെ നിഷ്ക്രീയ നിക്ഷേപം | 3-12 |
| 34 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ പരമാവധി തുക നൽകുന്നില്ല | 3-13 |
| 35 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-14 |
| 36 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 3-15 |
| 37 | കൈമാറി കിട്ടിയ സ്ഥാപനങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | 3-16 |
| 38 | ഒരു ലക്ഷം രൂപയുടെ ഹോമിയോ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല | 3-17 |

| | | |
|---|---|---|
| 39 | ആശ്രയ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് അവഗണിക്കുന്നു | 3-18 |
| 40 | മരാമത്ത് പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി | 3-19 |
| 41 | ഗ്രാമപഞ്ചായത്താഫീസ് കെട്ടിടം പണി- കരാറുകാരന് അധിക തുക നൽകി | 3-20 |
| 42 | അംഗൻവാടി കെട്ടിടം- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3-21 |
| 43 | ആസ്തികൾ സംരക്ഷിക്കുന്നതിൽ വീഴ്ച | 3-22 |
| 44 | അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ - പൊതുവായ അപാകതകൾ | 3-23 |
| 45 | ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തി- സുതാര്യതമല്ല | 3-24 |
| 46 | സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കി | 3-25 |
| 47 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച | 3-26 |
| | ഭാഗം-4 | |
| 48 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 49 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 50 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 51 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 52` | ഓഡിറ്റ് റിക്കവറി | 4-5 |
| 53 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-8 |

# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

2015-16 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച | റിവൈസ്ഡ് ബജറ്റ് |
|---|---|---|

| | തീയതി, തീരുമാന നം. | അംഗീകരിച്ച തീയതി |
|---|---|---|
| 2015-16 | 27.03.2015 / (I) | ഇല്ല |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 4716168 | 13944137.62 | (-)9227969.62 |
| വരവ് | 84252000 | 28547337 | (+)55704663 |
| ആകെ | 88968168 | 42491474.62 | (+)46476693.38 |
| ചെലവ് | 82082000 | 31650827 | (+) 50431173 |
| നീക്കിയിരിപ്പ് | 6886168 | 10840647.62 | (+) 3954479.62 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്കായി ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. 2015-16 വർഷത്തെ ബജറ്റ് 20-03-2015 ലെ ധനകാര്യകമ്മിറ്റി കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും 27-03-2015 ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നംപർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2015-16 വർഷത്തെ വാർഷിക പദ്ധതിച്ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല. ഇത് ക്രമവിരുദ്ധമായ നടപടിയാണ്. ഭരണസമിതിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നു.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രീയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല. സേവന നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും 2015-16 വർഷത്തെ ബജറ്റിൽ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതും എല്ലാ പ്രോജക്ടുകൾക്കും ബജറ്റിൽ തുക വകയിരുത്തേണ്ടതുമാണ്.

## (1-2) വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 15.05.2016 | 01.07.2016 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മേയ് 15-ാം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (1-3) വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും സൂക്ഷ്മപരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വസ്തുനികുതി ഡിമാന്റ്, ബാലൻസ് തുകകൾ കൃത്യമായി കണക്കാക്കിയിട്ടില്ല. ആയതിനാൽ I-1, B-15 എന്നീ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
2. ബില്ലുകളിൽ നിന്നും കുറവു ചെയ്ത് ഒടുക്കുന്ന വാറ്റ്, ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയുടെ വിവരം അക്കൗണ്ട്സിൽ കാണിക്കുന്നില്ല.
3. ഷെഡ്യൾ ബി-11- ബിൽഡിംഗ്സ് എന്നയിനത്തിൽ 423788രൂപ മാത്രമാണ് ആസ്തിയായി കാണിച്ചിരിക്കുന്നത്. ആയത് ശരിയല്ല. മുൻവർഷം തുകയൊന്നും കാണിച്ചിരുന്നില്ല. തൻവർഷം പഞ്ചായത്ത് കെട്ടിടം, അംഗൻവാടി എന്നിവ നിർമ്മിച്ചിട്ടുമുണ്ട്.

മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## (1-4) സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 13944137.62 |
| വരവ് | 28547337 |
| ആകെ | 42491474.62 |
| ചെലവ് | 31650827 |
| നീക്കിയിരിപ്പ് | 10840647.62 |

## (1-5) വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 341167 | 809945 | 3648852 | 4799964 | 4799964 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 288000 | 779088 | - | 1067088 | 779088 | 288000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 513310 | 2408650 | - | 2921960 | 1560849 | 1361111 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 1999741 | 1034740 | - | 3034481 | 1034740 | 1999741 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 401487 | 9583649 | - | 9985136 | 9985136 | - | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 897876 | 1016397 | - | 1914273 | 1914273 | - | 0 |

*19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം 2015-16 വർഷം മുതൽ വികസന ഫണ്ട്/മെയി.ഗ്രാന്റ് എന്നിവയ്ക്ക് നീക്കിയിരിപ്പ് ഇല്ല.

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (2015-16 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾ) | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 155 | 33037338 | 107 | 23441527 | 14 | 34 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 8 | 1460030 | 6 | 627503 | 43 |
| സേവനം | 49 | 15223064 | 30 | 10744734 | 71 |
| പശ്ചാത്തലം | 98 | 15078549 | 85 | 12069290 | 80 |
| ആകെ | 155 | 31761643 | 121 | 23441527 | 74 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 7 | 2299250 | 564930 |
| കുട്ടികൾ | 1 | 1300000 | 1119484 |
| ഭിന്നശേഷിയുള്ളവർ | 1 | 100000 | 100000 |
| ആശ്രയ പദ്ധതി | 1 | 20000 | 0 |
| പാലിയേറ്റിവ് കെയർ | 1 | 350000 | 347000 |

| | | | |
|---|---|---|---|
| ഖരമാലിന്യ നിർമ്മാർജ്ജനം | 0 | 0 | 0 |
| യുവജന വികസന പദ്ധതി | 3 | 387000 | 80000 |

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക പദ്ധതി അവലോകനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നു.

   പ്രോജക്ടുകളുടെ ബാഹുല്യം ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെ വളരെ ഗുരുതരമായി ബാധിക്കുന്നു. . പൊതുമരാമത്ത് പ്രവൃത്തികൾക്കായി 90 പ്രോജക്ടുകൾ ആവിഷ്ക്കരിച്ചുവെങ്കിലും നിർവ്വഹണം പൂർത്തീകരിച്ചത് 79 എണ്ണം മാത്രമാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച് പദ്ധതിപ്പണം പൂർണ്ണമായി ചെലവഴിക്കുന്ന നിരവധി പഞ്ചായത്തുകൾ ജില്ലയിലുണ്ട്. വർഷങ്ങളായി സ്പിൽ ഓവറായി പല പ്രോജക്ടുകളും തുടരുന്നു. ഖരമാലിന്യ പ്രോജക്ട്, അറവുശാല നിർമ്മാണം, ശ്മശാന നിർമ്മാണം, പഞ്ചായത്താഫീസിന് നവീകരണം എന്നിവ ഏതാനം ഉദാഹരണങ്ങളാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പദ്ധതി അംഗീകാരം ലഭിക്കുന്നതിന് വേണ്ടി മാത്രം തുടരുന്നവയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

3. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

4. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (പ്രത്യേക ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, വനിതാ ഘടക പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല.

5. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനു പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവച്ച് താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.

6. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം, റോഡുകളെ ചെറിയ കഷണങ്ങളാക്കി മുറിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്ന പദ്ധതികൾ നടപ്പാക്കുന്നു.

7. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ച് തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.

8. തൻവർഷം 2 എണ്ണം ഒഴികെ മറ്റെല്ലാ മരാമത്തുപ്രവൃത്തികളും ഗുണഭോക്തൃസമിതികൾ മുഖേനയാണ് നിർവ്വഹിച്ചിരിക്കുന്നത്. ടെണ്ടർ മുഖേന പ്രവൃത്തികൾ നിർവ്വഹിച്ചിരുന്നുവെങ്കിൽ മത്സരാധിഷ്ഠിത ടെണ്ടറുകളിലൂടെ എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാനുള്ള സാധ്യതയുണ്ടായിരുന്നു. ആയതിലൂടെ പദ്ധതിപ്പണം ലാഭിക്കാമായിരുന്നു എന്നു മാത്രമല്ല, ടെണ്ടർ ഫോറം വിൽപ്പന, ഇ.എം.ഡി, സെക്യൂരിറ്റി എന്നീയിനങ്ങളിൽ പഞ്ചായത്തിന് വരുമാനവും ലഭ്യമാകുമായിരുന്നു.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള

ആത്മാർത്ഥ ശ്രമം ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## (1-7) തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4392792 | 4420553 | 27761 | 0.63 |
| നികുതിയേതര വരവുകൾ | 495745 | 605536 | 109791 | 22 |
| മറ്റു വരവുകൾ | 5395 | 1940 | -3455 | -64 |
| ആകെ | 4893932 | 5028029 | 134067 | 2.7 |

തനത് വരവിൽ മുൻവർഷത്തേ അപേക്ഷിച്ച് നാമമാത്രമായ വർദ്ധനവ് മാത്രമാണുണ്ടായിട്ടുള്ളത്. പുതുക്കിയ വസ്തു നികുതി ചട്ട പ്രകാരം പുനർനിർണ്ണയിച്ച വസ്തു നികുതിയിൽ സർക്കാർ ഇളവ് അനുവദിച്ചത് (660 ച.അടി വരെ വിസ്തൃതിയുള്ളവ വസ്തുനികുതിയിൽനിന്നും ഒഴിവാക്കുകയും, 2000 ച.അടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവ് ബാധകമാക്കാതിരിക്കുകയും ചെയ്തതിനാൽ) പഞ്ചായത്തിന്റെ നികുതി വരവിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

## (1-8 ) ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 43 | 358980 |
| വിധവാ പെൻഷൻ | 393 | 3802040 |
| വാർദ്ധക്യകാല പെൻഷൻ | 625 | 4223250 |
| വികലാംഗ പെൻഷൻ | 116 | 1056870 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 14 | 132480 |

## (1-9) ജാഗ്രതാ സമിതികൾ നിയമാനുസൃതം വിളിച്ചുകൂട്ടുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 2015ലെ ഭേദഗതി ഓർഡിനൻസ് പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജാഗ്രതാ സമിതികൾ പുന:സംഘടിപ്പിക്കുകയോ എല്ലാ മാസവും യോഗം ചേരുകയോ ചെയ്യുന്നില്ല.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരേ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നീ വിഷയങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കാനും സമാനമായ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹ്യസൃഷ്ടിക്കുവേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാ സമിതികൾ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ഐ.സി.ഡി.എസ് സൂപ്പർ വൈസർ കൺവീനറും വനിതാ മെമ്പർ, വനിതാ അഭിഭാഷക, സി.ഡി.എസ് ചെയർ പേഴ്സൺ, സ്ഥലത്തെ സബ് ഇൻസ്പെക്ടർ, എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട സാമൂഹ്യ പ്രവർത്തക, ഇതേ വിഭാഗത്തിലെ വനിതാ മെമ്പർ, കൗൺസിലർ, ഡോക്ടർ എന്നിവരാണ് പഞ്ചായത്ത് തല ജാഗ്രതാസമിതിയിൽ ഉൾപ്പെടുന്നത്.

പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കിത്തീർക്കുന്നതിനു വേണ്ടിയാണ് ഓരോ വാർഡിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത്.പഞ്ചായത്ത് ജാഗ്രതാസമിതി എടുക്കുന്ന തീരുമാനങ്ങൾ, ബോധന പരിപാടികൾ എന്നിവ ഫലപ്രദമായി നടപ്പിലാക്കുകയെന്നത് ഈ സമിതികളുടെ ലക്ഷ്യങ്ങളാണ്. കൂടാതെ താഴെ തലങ്ങളിലുള്ള ജനങ്ങൾക്ക് ജാഗ്രതാ സമിതിയുടേയും വനിതാ കമ്മീഷന്റേയും സേവനം ലഭിക്കുന്ന തരത്തിൽ പ്രവർത്തിക്കുകയെന്നതും ഇതിന്റെ പരമപ്രധാനമായ ലക്ഷ്യമാണ്. ആയതിനാൽ ജാഗ്രതാസമിതികൾ പുന:സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (1-10 ) മിനിറ്റ്സ് ബുക്കുകൾ- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ മിനിറ്റ്സ് ബുക്കുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഓഡിറ്റിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1. ജനറൽ കമ്മറ്റിയുടെ 12.3.15, 30.7.15, 19.11.15, 5.12.15, 10.12.15, 4.1.16, 26.2.16, 2.3.16 31.5.16, 9.8.16, തീയതികളിലെ മിനിറ്റ്സുകൾ ക്ലോസ് ചെയ്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ, ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 7.5.15-ലെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 13.4.15-ലേയും മിനിറ്റ്സുകളും സാക്ഷ്യപ്പെടുത്തിയിട്ടില്ല. സാക്ഷ്യപ്പെടുത്താത്ത തീരുമാനങ്ങൾ അസാധുവാണ്.

2. മിനിറ്റ്സിലെ പല തീരുമാനങ്ങളും അപൂർണ്ണമാണ്. ഉദാഹരണമായി ജനറൽ കമ്മറ്റിയുടെ 4.1.16-ലെ 5/ 47, 49- നമ്പർ തീരുമാനങ്ങൾ അപൂർണ്ണമാണ്.(12-ാം വാർഡിലെ തെരുവു വിളക്ക് മാറ്റി സ്ഥാപിക്കൽ, അയൽസഭ-വാർഡ് വികസന സഭയിലെ പ്രതിനിധികളുടെ പേരുവിവരം എന്നിവ സംബന്ധിച്ച്). 20.1.16-ലെ 4/79-ാം നമ്പർ തീരുമാനവും അപൂർണ്ണമാണ് (അയൽസഭ നിർവ്വാഹക സമിതിയംഗങ്ങൾ സംബന്ധിച്ച്).

3. മിനിറ്റ്സ് ബുക്കുകൾ തുടർച്ചയായി ഉപയോഗിക്കാതെ പേജുകൾ ശൂന്യമായി ഇടുകയും, തുടർന്ന് പുതിയ രജിസ്റ്ററിൽ മിനിറ്റ്സ് രേഖപ്പെടുത്തുന്നതായും കണ്ടു. 8.10.15-ലെ മിനിറ്റ്സിനു ശേഷം 213മുതൽ 299വരെയുള്ള പേജുകൾ, 20.1.16-ലെ മിനിറ്റ്സിനു ശേഷം 97മുതൽ 101വരെയുള്ള പേജുകൾ, 24.2.16-ലെ മിനിറ്റ്സിനു ശേഷം 110മുതലുള്ള മുഴുവൻ പേജുകൾ എന്നിവ ശൂന്യമാണ്. തുടർന്നുള്ള പേജുകളിൽ എഴുതാതെ 26.2.16-ൽ പുതിയ രജിസ്റ്റർ ഉപയോഗിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

4. 9.8.16-നു ശേഷമുള്ള കമ്മറ്റികളുടെ മിനിറ്റ്സ് രേഖപ്പെടുത്തിയിട്ടില്ല. 30.8.16, 24.9.16, 29.9.16, 6.10.16, 31.10.16, 9.11.16, 15.11.16 എന്നീ തീയതികളിൽ ജനറൽ കമ്മറ്റി കൂടിയിട്ടുണ്ട്. മിനിറ്റ്സുകൾ യഥാസമയം രേഖപ്പെടുത്താത്തത് ഗുരുതരമായ അപാകതയാണ്.

മേൽപറഞ്ഞ ഗുരുതരമായ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഈ വിഷയത്തെ സംബന്ധിച്ച് ഭരണതലത്തിൽ നടപടിയുണ്ടാകുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## (1-11 ) പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 172.എ വകുപ്പ് അനുസരിച്ച് പഞ്ചായത്ത് ഭരണസമിതി അധികാരത്തിലെത്തി ചുരുങ്ങിയത് ആറുമാസത്തിനകം നിലവിലെ പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. പുതിയ ഭരണ സമിതി അധികാരത്തിൽ വന്ന് ഒരുവർഷമായിട്ടും പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## (1-12 ) ദുരിതാശ്വാസ നിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## (1-13 ) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2016-ൽ 3P.M-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 8592രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## (1-14 ) വർക്കിംഗ് ഗ്രൂപ്പ്

ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ കൃത്യമായി വിളിച്ചു ചേർക്കുകയോ കാര്യക്ഷമമായ പ്രവർത്തനം നടത്തുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട വിഷയ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് അതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രോജക്ടുകളായി പരിണമിക്കുന്നില്ലെന്ന് രേഖകൾ സൂചിപ്പിക്കുന്നു. ജനങ്ങൾക്ക് ആസൂത്രണ കാര്യങ്ങളിൽ പങ്കെടുക്കാനുള്ള ഏറ്റവും പ്രബലമായ വേദിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ആയതിനാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## (1-15 ) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.10.2016 | 08/2016-09/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.04.2009-24.4.2009 | 2004-05 മുതൽ 2008-09 വരെ | 25.05.2009 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1 ) മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചില്ല ; പഞ്ചായത്തിനു വരുമാനനഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിക്കാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നു. ജി.ഒ.(ആർ.റ്റി) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരം മൊബൈൽടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. എന്നാൽ ഇതനുസരിച്ച് നാളിതുവരെ, 2013-14 സാമ്പത്തിക വർഷത്തിന് മുമ്പ് നികുതി നിർണ്ണയം നടത്തിയ മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തി ഈടാക്കിയിട്ടില്ല.

നിലവിൽ പ്രവർത്തിച്ചുവരുന്ന ടവറുകളുടെയും അവയ്ക്ക് വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരിക്കുന്ന വസ്തു നികുതിയുടെയും വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | ടവറിന്റെ വിവരം | നിർണ്ണയിച്ചിട്ടുള്ള നികുതി |
|---|---|---|
| V/461A | ഇൻഡസ് ടവർ | 432/- |
| IV/345A | ഇൻഡസ് ടവർ | 130/- |
| VII/332A | ബി.എസ്.എൻ.എൽ | 432/- |
| IV/316A | ബി.എസ്.എൻ.എൽ | 1080/- |
| VI/259B | ബി.എസ്.എൻ.എൽ | 432/- |
| IX/335A | ഇൻഡസ് ടവേഴ്സ് | 864/- |
| IX/70A | ഇൻഡസ് ടവേഴ്സ് | 432/- |

മൊബൈൽടവറുകളുടെയും അനുബന്ധ ഡി.ജി. റൂം, ഷെൽറ്റർ എന്നിവയുടെയുംകൂടി പ്ലിന്ത് ഏരിയ അളന്നു തിട്ടപ്പെടുത്തി വസ്തുനികുതി അടിയന്തിരമായി പുനർനിർണ്ണയിക്കുകയും 2013-14 മുതലുള്ള കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

## (2-2 ) തൊഴിൽ നികുതി - അപാകതകൾ

1.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

(എ) നിയമനം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ഊട്ടുപാറ എൽ.എം.എൽ.പി.സ്കൂളിലെ ജിജി.കെ.ജോൺ, ജിൻസി ജോർജ്(എൽ.പി.എസ്.എ) എന്നിവർ 2015-16 രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ആയതിനാൽ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ടിയാളുകളുടെ നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപന ഉടമയുടെ പേര്, വിലാസം | വാർഡ് നം. കെട്ടിട നം | വാണിജ്യസ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| ജയിംസ് | IX/122 | നെസ് ലെ ഇൻഡ്യ | 2 |

| | | | |
|---|---|---|---|
| കുഞ്ഞച്ചൻ, പള്ളിക്കൽ ഹൗസ്, പുല്ലുപ്രം, റാന്നി. | | ലിമിറ്റഡ്, ഉൽപന്നങ്ങൾ സംഭരണവും വിൽപനയും | |
| പി.വിജയൻ. പുത്തൻപുരയിൽ, വലിയകാവ്, റാന്നി. | IV/54,55 | ജയ പൗൾട്ടി ഫീഡ്സ്, കോഴിത്തീറ്റ വ്യാപാരം | 3 |
| ബി. സുരേഷ്. കുറ്റിയിൽ ഹൗസ്. അങ്ങാടി പി. ഒ, റാന്നി | VII/66 | ഹോട്ടൽ സുരേഷ് | 4 |

മേൽപറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും നികുതി കുറവായി ഈടാക്കുന്നു

അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വേതനം നൽകാത്തതിലൂടെ പഞ്ചായത്തിലേക്ക് ലഭിക്കേണ്ട നികുതിയിൽ കുറവ് വന്നതായി കാണുന്നു. സിറ്റാഡൽ റസിഡൻഷ്യൽ സ്കൂൾ (ആകെ-135പേർ), സെന്റ് തെരേസാ ഇംഗ്ലീഷ് മീഡിയം സ്കൂൾ (ആകെ-10പേർ) എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം വളരെ കുറവായാണ് സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ നിജസ്ഥിതി പരിശോധിക്കപ്പെടേണ്ടതാണ്.

മേൽപറഞ്ഞ സ്ഥാപനങ്ങൾ സി.ബി.എസ്.ഇ യുടെ മാർഗ്ഗനിർദ്ദേശം പാലിക്കാതിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടാകുന്നു. സ്കൂൾ ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതുമൂലമാണ് പഞ്ചായത്തിനും നികുതി നഷ്ടമുണ്ടാകുന്നത്.

അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ അതത് സംസ്ഥാന സർക്കാരുകളോ നൽകിവരുന്ന ശമ്പളവും അലവൻസുകളുമാണ് അംഗീകൃത സി.ബി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്കും നൽകേണ്ടതെന്ന് സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യൂക്കേഷന്റെ അഫിലിയേഷൻ ബൈലോയിലെ രണ്ടാം അദ്ധ്യായത്തിലെ II 3.3(1)(c) ഉപചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥിരം അഫിലിയേഷൻ ലഭിച്ചിട്ടുള്ള സി.ബി.എസ്.ഇ. സ്കൂളുകളിൽ താത്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കരുതെന്നും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കൺസോളിഡേറ്റഡ് 'പേ' നൽകരുതെന്നും, നിർദ്ദിഷ്ട ശമ്പള സ്കെയിൽ അനുവദിക്കണമെന്നും സ്ഥിരം അഫിലിയേഷൻ (ജനറൽ കണ്ടീഷൻസ്) ഉപചട്ടം II(c)(iii)(b) യിലും നിഷ്കർഷിച്ചിട്ടുണ്ട്.

നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരെ ഏതാനും അൺ എയ്ഡഡ് സി.ബി.എസ്.ഇ. / ഐ.സി.എസ്.സി. സ്കൂളുകളിലെ അദ്ധ്യാപകർ ബഹു:ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഹൈക്കോടതി ഈ വിഷയത്തിൽ 14.09.2012ൽ 1042/2012-ാം നമ്പരായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് 10,000രൂപയും, സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 15,000രൂപയും, സീനിയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 20,000രൂപയും മിനിമം പ്രതിമാസ വേതനമായി നിശ്ചയിച്ചു.

മേൽപറഞ്ഞ സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വാർഷിക റിട്ടേണുകൾ പരിശോധിച്ചതിൽ, അദ്ധ്യാപകർക്ക് സി.ബി.എസ്.ഇ. യുടെ നിബന്ധനയോ ഹൈക്കോടതിയുടെ ഉത്തരവോ

പ്രകാരമുള്ള ശമ്പളം നൽകുന്നില്ല എന്ന് വ്യക്തമാകുന്നു. ജീവനക്കാരുടെ തൊഴിൽനികുതി സ്വീകരിച്ച വേളയിൽ ഗ്രാമപഞ്ചായത്ത് ഈ വിവരം സൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. വരുമാന സ്റ്റേറ്റ്മെന്റുകളിലെ വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിവരം സൂൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

3.സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച

അങ്ങാടി മാവേലി സ്റ്റോറിന്റെ സ്ഥാപന നികുതി ഈടാക്കുന്നതിന് തുടർച്ചയായി നോട്ടീസ് നൽകുന്നുണ്ടെങ്കിലും നാളിതുവരെ തുകയൊന്നും ഈടാക്കിയിട്ടില്ല. 2012-13 വർഷം മുതലുള്ള തുക ഈടാക്കാനുണ്ട്. റവന്യൂറിക്കവറി നടപടിയിലൂടെ നഷ്ടം ഈടാക്കുന്നതിന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നുവെങ്കിലും അക്കാര്യത്തിൽ നാളിതു വരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിരനടപടികൾ സ്വീകരിച്ച് തുക ഈടാക്കാത്തപക്ഷം പഞ്ചായത്തിനുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയാകുന്നതാണ്. ഈ വിഷയത്തിന്മേൽ ഭരണതല നടപടിയ്ക്ക് ശുപാർശ ചെയ്യുന്നു.

4.കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ബെന്നി സാം, പുത്തൻപറമ്പിൽ,തേക്കുങ്കൽ; ഷാജി.വി.തോമസ് മാത്യു, വേങ്ങഴയിൽ എന്നീ കരാറുകാർ 2015-16വർഷം പഞ്ചായത്തിലെ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഇവർ തൊഴിൽ നികുതി അടച്ചിട്ടുള്ളതായി രേഖയില്ല. ആയതിനാൽ മേൽപറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## (2-3 ) ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നതിലെ നടപടി ക്രമങ്ങളിൽ വീഴ്ച.

(എ) 2015-16 ൽ 146 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷാരംഭത്തിന് 30 ദിവസത്തിനു മുമ്പ് ലൈസൻസ് എടുക്കണമെന്നുള്ള ചട്ടം ഒരു സ്ഥാപനം പോലും പാലിച്ചിട്ടില്ല. സമയപരിധിയ്ക്കു ശേഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കിയിട്ടുമില്ല. സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) ലൈസൻസിനുള്ള അപേക്ഷകളിലും അപാകതകൾ ശ്രദ്ധയിൽപെട്ടു. ചുവടെ പറഞ്ഞിരിക്കുന്ന അപേക്ഷകളിൽ വിറ്റുവരവിന്റെ വിവരങ്ങളും സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര്, വിലാസം | വാർഡ്, കെട്ടിട നം. | വാണിജ്യ സ്ഥാപനത്തിന്റെ തരം, പേര്. | അപേക്ഷയിൽ കണ്ട അപാകത. |
|---|---|---|---|---|
| 1 | ജേക്കബ് മാത്യു, വേലുകിഴക്കേതിൽ, അങ്ങാടി പി.ഒ | VII/791 | വൈദ്യുതോപകരണങ്ങൾ. ഗ്രേസ് ഇലക്ട്രോണിക്സ്. | വിറ്റു വരവ്, ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ഇവ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | പ്രസാദ്പിള്ള ടി.കെ തെക്കും കോവിൽ, നെല്ലിക്കമൺ പി.ഒ | I/4 | പലചരക്ക ചില്ലറ വ്യാപാരം | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 3 | ഷേർളി | VII/1073 | ടെക്സ്റ്റയിൽസ്, ലേഡീസ് | വിറ്റു വരവ്, ജോലി |

| | | | | |
|---|---|---|---|---|
| | ജോൺസൻ<br>വെട്ടിമല ഹൗസ്<br>നെല്ലിക്കമൺ | R 2 | ബാഗ്സ് , ചപ്പൽസ്.<br>അന്നാസ് ഫാഷൻ ഗാലക്സി | ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ഇവ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ശശികുമാർ<br>താമരശ്ശേരിൽ വീട്,<br>അങ്ങാടി. | IX/20 | പലചരക്ക് വ്യാപാരം,<br>ശശി സ്റ്റോഴ്സ്. | ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. |
| 5 | പി. വിജയൻ<br>പുത്തൻപുരയിൽ, വലിയകാവ്, റാന്നി. | IV/54,55 | കോഴിത്തീറ്റ വ്യാപാരം<br>ജയ പൗൾട്രി ഫീഡ്സ്. | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 6 | ബി. സുരേഷ്.<br>കുറ്റിയിൽ ഹൗസ്<br>അങ്ങാടി. പി.ഒ | VII/66 | ഹോട്ടൽ സുരേഷ്. | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 7 | പ്രസാദ്<br>കാവുങ്കൽ പുരയിൽ<br>അങ്ങാടി പി ഒ | VII/231 | വീട്ടുപകരണങ്ങൾ<br>കാസിൽ ഹോം സെന്റർ | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 8 | കൊച്ചുഉപ്പാൻ തോമസ്<br>മണിമലേത്ത്,<br>അങ്ങാടി പി.ഒ, റാന്നി. | VII/951A | ഹാർഡ് വെയേഴ്സ്-സംഭരണം വില്പന. | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല. |

(സി) വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിക്കാഞ്ഞതിനാൽ താഴെ പറഞ്ഞിരിക്കുന്ന സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു.

| സ്ഥാപന ഉടമയുടെ പേര്, വിലാസം | വാർഡ്, കെട്ടിട നം. | വാണിജ്യ സ്ഥാപനത്തിന്റെ തരം, പേര്. | വിറ്റുവരവ് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| ജയിംസ് കുഞ്ഞച്ചൻ,<br>പള്ളിക്കൽ ഹൗസ് ,<br>പുല്ലുപ്രം പി.ഒ | IX/122 | നെസ് ലെ ഇൻഡ്യ പ്രോഡക്സ്.<br>സംഭരണവും വിൽപനയും | 20000 | 500 | 200 | 300 |

ഈടാക്കാൻ ബാക്കിയുള്ള 300രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ഡി) 50 അപേക്ഷകളിൽ മാത്രമേ അന്വേഷണ റിപ്പോർട്ടുള്ളൂ. ചിക്കൻ സെന്റർ, കോൾഡ് സ്റ്റോറേജ് എന്നിവയ്ക്ക് അത്യാവശ്യം വേണ്ട മലിനീകരണ നിയന്ത്രണബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. അപേക്ഷകൾ ശരിയായ രീതിയിൽ പരിശോധനാവിധേയമാക്കുന്നില്ലെന്ന് ഇതിൽനിന്നും വ്യക്തമാകുന്നു.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ഭരണതല നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## (2-4) റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/7.11.16) സെക്രട്ടറി നൽകിയ മറുപടിയനുസരിച്ച് 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ അങ്ങാടിയിലെ റേഷൻകട ഒഴികെ മറ്റ് 11 എണ്ണവും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് പരിശോധനയിൽ വ്യക്തമാകുന്നു. ആയതിനാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ടി റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## (2-5) വാടക ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടക ഈടാക്കുന്നില്ല. 2012-13മുതൽ പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിൽ മാവേലിസ്റ്റോർ പ്രവർത്തിക്കുന്നുണ്ടെങ്കിലും വാടക നാളിതുവരെ ഈടാക്കിയിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്. പ്രസ്തുത കെട്ടിടത്തിന്റെ വാടക ഈടാക്കുന്നതിന് 7.1.16-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും 20.1.16-ൽ ജനറൽ കമ്മറ്റിയും തീരുമാനമെടുത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. മാവേലിസ്റ്റോറിന്റെ വാടക നിശ്ചയിക്കുന്നതിന് 19.8.16-ൽ പി.ഡബ്ല്യൂ.ഡി-യ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്നതൊഴിച്ചാൽ ക്രിയാത്മകമായ നടപടികളൊന്നും സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിച്ച് പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതാണ്. സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ച ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## (2-6) പരസ്യ നികുതി ഈടാക്കുന്നില്ല - വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ഏർപ്പെടുത്തുന്നതിനായി ബൈലോ പാസ്സാക്കുന്നതിന് 8.3.16-ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ശുപാർശ ചെയ്തിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പരസ്യ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. പരസ്യ നികുതി ചുമത്തുമ്പോൾ ഈടാക്കാവുന്ന കുറഞ്ഞ നിരക്ക് ജി.ഒ.(പി) നം.128/02/ത.സ്വ.ഭ.വ., തീ.25.07.2002 (എസ്.ആർ.ഒ നമ്പർ 654/02) പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മാതൃകാ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ 18.5.2005-ലെ സി 5-15253/04 ഉത്തരവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെക്ഷൻ 209(ഡി) പ്രകാരം പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം, ബൈലോയ്ക്ക് അംഗീകാരം വാങ്ങിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി ഓരോ വർഷവും കുത്തകയ്ക്ക് നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി, പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- ഗ്രാമപഞ്ചായത്തിന്

## നഷ്ടമായത് **1.01** കോടി രൂപ

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 10140959 രൂപ നഷ്ടമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് ഇപ്രകാരം നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | (ട്രാൻസ്ഫർ ക്രഡിറ്റ് ഉൾപ്പടെ ലഭ്യമായ ആകെ മുന്നിരിപ്പ്) | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | ആകെ ലഭ്യമായ തുക | ചെലവഴിച്ചത് | നഷ്ടമായതുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3990019 | 7379248 | 11369267 | 4799964 | 6569303 |
| വികസനഫണ്ട് എസ്.സി.പി. | 288000 | 1341000 | 1629000 | 1067088 | 561912 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 401487 | 9719000 | 10120487 | 9985136 | 135351 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 897876 | 2320000 | 3217876 | 1914273 | 1303603 |
| 13th CFCഗ്രാന്റ് | 513310 | 3014439 | 3527749 | 2921960 | 605789 |
| പെർഫോർമൻസ് ഗ്രാന്റ് | 1999741 | - | 1999741 | 1034740 | 965001 |
| ആകെ | 8090433 | 23773687 | 31864120 | 21723161 | 10140959 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത് എന്നത് തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## **(3-2)** വികസന ഫണ്ട് - വകയിരുത്തിയതിൽ കുറവ് വന്നത് **45.85** ലക്ഷം രൂപ

2015-16 വാർഷിക പദ്ധതിയിൽ ലഭ്യമായ മുഴുവൻ വികസന ഫണ്ടും(സാധാരണ വിഹിതം) വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. 19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം 2015-16 വർഷം പൊതു വിഭാഗം വികസന ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുകയുൾപ്പടെ 11369367/- രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമായിരുന്നുവെങ്കിലും 6784167രൂപ മാത്രം വകയിരുത്തിയാണ് പ്രോജക്ടുകൾ ആവിഷ്കരിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ടിനം | മുന്നിരിപ്പ് | ലഭിച്ച ആകെ അലോട്ട്മെന്റ് | പൊതു വിഭാഗം ഫണ്ടിലേയ്ക്ക് റ്റി.സി ചെയ്ത തുക | ആകെ ലഭ്യമായ തുക | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | വകയിരുത്തിയതിൽ കുറവ് വന്നത് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| സാധാരണ വിഹിതം | 341167 | 7379348 | 3648852 | 11369367 | 6784167 | 4585200 |

ഓഡിറ്റ് വർഷം യഥാർത്ഥത്തിൽ ലഭ്യമായ തുകയുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് തുക വകയിരുത്താതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ആയത് തുടർ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-3) തെരുവുവിളക്കുകളുടെ മീറ്ററിംഗ് - പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്തതു മൂലം അധികച്ചെലവ്

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി 2013-14 സാമ്പത്തിക വർഷം 243800 രൂപ അടവാക്കിയെങ്കിലും പദ്ധതി ഓഡിറ്റ് സമയത്തും പൂർത്തീകരിച്ചില്ല. മീറ്റർ സ്ഥാപിച്ച ഡിവിഷനുകളിലെ വൈദ്യുതി ചാർജ്ജ് 6800 രൂപയും മീറ്റർ സ്ഥാപിക്കാത്ത ഡിവിഷനുകളിലെ വൈദ്യുതി ചാർജ്ജ് 36014 രൂപയുമാണ്. മീറ്ററിംഗിനായി തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുകയുടെ വിശദാംശം | ഇലക്ട്രിക്കൽ ഡിവിഷൻ |
|---|---|---|
| 2012-13 | 116600 | റാന്നി(സൗത്ത്) |
| 2013-14 | 213800<br>(ഡി.ഡി നം.382183/26.3.14)<br>30000<br>(ഡി.ഡി നം.382525/27.3.14) | റാന്നി (നോർത്ത്) |

മുകളിൽ സൂചിപ്പിച്ച പ്രകാരം തുക അടവാക്കിയതിൽ റാന്നി(സൗത്ത്) മാത്രമെ മീറ്ററിംഗ് പൂർത്തീകരിച്ച് വൈദ്യുതി ചാർജ്ജ് ഈടാക്കി തുടങ്ങിയിട്ടുള്ളൂ. തുക അടവാക്കി രണ്ട് വർഷത്തിന് ശേഷവും റാന്നി(നോർത്ത്) സെക്ഷനിൽ മീറ്ററിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടില്ലായെന്നുള്ള വസ്തുത പുതിയ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മീറ്ററിംഗ് നടപടികൾ പൂർത്തീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് അടിയന്തിരമായി ഭരണസമിതി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

റാന്നി(നോർത്ത്) ഡിവിഷനിലെ വൈദ്യുതി ചാർജ്ജ് 36014 രൂപയാണ്. ഇതിനാനുപാതികമായ ചാർജ് ഷീറ്റ് കെ.എസ്.ഇ.ബി റാന്നി(നോർത്ത്) ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ലഭ്യമാക്കിയത് പരിശോധിച്ചതിൽ, നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കിന്റെ ഇനം | വാട്ട് | എണ്ണം | പ്രതിമാസ നിരക്ക് (പ്രതിദിനം 12 മണിക്കൂർ വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് ഒരു വിളക്കിന്റെ നിരക്ക്) | ആകെ |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 276 | 61 | 16836 |
| ഓർഡിനറി ബൾബ് | 60 | 3 | 94 | 282 |
| ഫ്ലൂറസെന്റ് | 2x40 | 38 | 124 | 4712 |

| | | | | |
|---|---|---|---|---|
| ട്യൂബ് | | | | |
| ഫ്ലൂറസെന്റ് ട്യൂബ് | 40 | 88 | 61 | 5368 |
| സോഡിയം വേപ്പർ ലാംപ് | 250 | 19 | 414 | 7866 |
| എൽ.ഇ.ഡി | 18 | 50 | 12 | 600 |
| സി.എഫ്.എൽ | 22 | 25 | 14 | 350 |
| ആകെ | | | | 36014 |

ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 3 വർഷമായി ഓർഡിനറി ബൾബുകൾ, സോഡിയം വേപ്പർ ലാംപുകൾ എന്നിവ വാങ്ങിയിട്ടില്ല. പകരം സി.എഫ്.എൽ, ഫ്ലൂറസെന്റ് ട്യൂബ്, എൽ.ഇ.ഡി വിളക്കുകൾ എന്നിവയാണ് വാങ്ങിയിട്ടുള്ളത്. ഇതു പ്രകാരം ഓർഡിനറി ബൾബുകൾ, സോഡിയം വേപ്പർ ലാംപുകൾ എന്നിവ നിലവിൽ ഇല്ല എന്ന നിഗമനത്തിലെത്താവുന്നതാണ്. ഇല്ലാത്ത 298 വിളക്കുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസം വൈദ്യുതിചാർജിനത്തിൽ ചെലവഴിക്കുന്നത് 24984 രൂപയാണ്. അതായത് പ്രതിവർഷം 299808രൂപ നഷ്ടപ്പെടുന്നു.

മീറ്റർ അടിയന്തിരമായി സ്ഥാപിക്കുന്നത് വഴി വൈദ്യുതി ചാർജ് ശാസ്ത്രീയമായി പുനർനിർണ്ണയിച്ച് ഈയിനത്തിലെ ദുർവ്യയം ഒഴിവാക്കേണ്ടതാണ്. തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

## (3-4) ജവഹർലാൽ നെഹ്റു ജയന്തി ഭവനനിർമ്മാണം- പ്രോജക്ട് നിർവ്വഹണത്തിലെ വീഴ്ചകൾ

മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 125ാം ജന്മ വാർഷികം പ്രമാണിച്ച് 2015-16 വാർഷിക പദ്ധതിയിൽ എല്ലാ വാർഡുകളിലും ഏറ്റവും അർഹരായ ഒരു കുടുംബത്തെ കണ്ടെത്തി അവർക്ക് വികസനഫണ്ടിൽ നിന്നും 2 ലക്ഷം രൂപ ധനസഹായം നൽകണമെന്നും ഇതിന് ഭവനനിർമ്മാണത്തിന് വാർഡ് തലത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലെ സീനിയോറിറ്റി ക്രമം പാലിക്കണമെന്നും 9/12/14-ലെ സ.ഉ(സാധാ)3258/14 /തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 26ലക്ഷം രൂപ വകയിരുത്തി 13 ഗുണഭോക്താക്കൾക്ക് 2ലക്ഷം രൂപ ക്രമത്തിൽ ധനസഹായം നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. 20 ലക്ഷം രൂപ 2015-16ൽ ചെലവഴിച്ചിട്ടുണ്ട്. 13ഗുണഭോക്താക്കളിൽ 4 പേരൊഴികെ മറ്റുള്ളവർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1) സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്റ്റർ ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ധനസഹായത്തോടുകൂടി നിർമ്മിക്കുന്ന വീട് 12വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നത് ഉറപ്പാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണമെന്ന് പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇപ്രകാരം രജിസ്റ്റർ ചെയ്യാതിരുന്ന താഴെപ്പറയുന്ന ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

| | ഗുണഭോക്താവിന്റെ വിവരം | നൽകിയ തുക |
|---|---|---|
| 1 | സി.ജി.സുരേഷ് & നിഷ സുരേഷ്<br>ചരലേൽ, അങ്ങാടി | 200000/- |

| | | |
|---|---|---|
| 2 | അമ്മിണി അമ്മാൾ | 120000/ |
| 3 | ജോജി മാത്യൂ, ചൂണ്ടച്ചേരിൽ | 200000/ |

കരാർ രജിസ്റ്റർ ചെയ്യാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുക വഴി ആസ്തികൾ കൈമാറ്റം ചെയ്യപ്പെടുകയില്ല എന്ന് ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥയാണ്. ആയതിനാൽ ഗുണഭോക്താക്കൾ സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്റ്റർ ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാതെ ആനുകൂല്യം നൽകി

വാർഷികവരുമാനം 50000 രൂപയിൽ അധികരിക്കാത്ത ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ ഗുണഭോക്താക്കൾക്കാണ് ഭവനനിർമ്മാണ ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ എ.പി.എൽ റേഷൻ കാർഡുള്ള താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വാർഷിക വരുമാനം 50000 രൂപയിൽ താഴെയാണന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | തോമസ് എം.എം & സിസിലി തോമസ്, മാലിക്കൽ, അങ്ങാടി | 200000 |
| 2 | ചാക്കോപോൾ & ജെസി ചാക്കോ, തുളിമണ്ണിൽ | 200000 |
| 3 | ജോജി മാത്യൂ, ചൂണ്ടച്ചേരിൽ, മണ്ണാറത്തറ | 200000 |
| 4 | ദാനിയൽ മാത്യൂ & കെ.എം മത്തായി, കല്ലുഴത്തിൽ | 200000 |

ആനുകൂല്യം ലഭിച്ച ശ്രീ. എം.എം തോമസിന്റെ ഭവനനിർമ്മാണം പൂർത്തീകരിച്ച് നമ്പർ നൽകിയിട്ടുണ്ട്(4/397A). അസ്സസ്സ് മെന്റ് രജിസ്റ്റർ പ്രകാരം 53.25m2 വിസ്തീർണ്ണമുള്ള ടി വീടിന്റെ നികുതി ഒഴിവാക്കി നൽകിയിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ ധനസഹായത്തോടുകൂടി നിർമ്മിച്ച വീടായതിനാൽ വീടിന്റെ കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുള്ള വിസ്തീർണ്ണം കൃത്യമാണോ എന്ന് ഉറപ്പാക്കാതെ വസ്തുനികുതി ഒഴിവാക്കി നൽകുകയാണുണ്ടായത്. വീട് ഓഡിറ്റ് ടീം നേരിട്ട് പരിശോധിച്ചതിൽ ടി ഗുണഭോക്താവ് ആനുകൂല്യത്തിന് അർഹനല്ല എന്ന് വ്യക്തമായി. ഗ്രാമപഞ്ചായത്തിന്റെ ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകൾക്ക് അനുവദനീയമായ പരമാവധി വിസ്തൃതി 66m2 മാത്രമാണ്. എന്നാൽ ഇതിനേക്കാൾ വളരെയധികം വിസ്തൃതിയുള്ള ആധുനിക സൗകര്യങ്ങളുള്ള വീടാണ് നിർമ്മിച്ചിരിക്കുന്നത്.

ശ്രീ.എം.എം തോമസിന് അവസാനഗഡുവായ 55000 രൂപ നൽകിയിരിക്കുന്നത് 7/10/2016 -ന് ആണ്.(ഡി.ഡി നം.519030). അവസാന ഗഡു നൽകുന്നതിന് മുൻപ് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തിയിട്ടില്ലെന്ന് വ്യക്തമാണ്. ആയതിനാൽ ടിയാന് നൽകിയ 200000രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കേണ്ടതാണ്. വാർഷികവരുമാനം സംബന്ധിച്ച ആധികാരിക രേഖകളുടെ അഭാവത്തിൽ, മറ്റുള്ള 3 പേർക്ക് നൽകിയ 600000രൂപ (200000X3) തടസ്സത്തിൽ വയ്ക്കുന്നു.

<u>മറ്റ് അപാകതകൾ</u>

എ)കുടുംബത്തിന് വാസയോഗ്യമായ വീടില്ലെന്ന് നിശ്ചിത ഫോറത്തിൽ വിവരശേഖരണം നടത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി) തെരഞ്ഞെടുക്കപ്പെട്ട കുടുംബം മുൻപ് താമസിച്ചുകൊണ്ടിരുന്ന വീടിന്റെ മുന്നിൽ നിൽക്കുന്ന ഫോട്ടോ

സൂക്ഷിച്ചിട്ടില്ല.

സി)ഭാര്യയുടെ പേരിൽ വീട് അനുവദിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

ഡി) സ്റ്റേജ് സർട്ടിഫിക്കറ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെയാണ് ധനസഹായം നൽകുന്നത്.

പ്രോജക്ട് നിർവ്വഹണത്തിലുണ്ടായ അപാകതകളുടെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കൾക്കുതന്നെയാണോ ആനുകൂല്യം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ ഈ വിഷയം ഭരണതലത്തിൽ അന്വേഷണവിധേയമാക്കേണ്ടതാണ്.

## (3-5) പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രമില്ലാതെ കുഴൽക്കിണർ നിർമ്മാണത്തിന് പ്രത്യേക ഘടക പദ്ധതി ഫണ്ട് ഉപയോഗിച്ചു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുഴൽക്കിണർ നിർമ്മാണം (എസ്.സി.പി, നം.57/16) എന്ന പ്രോജക്ട് പ്രകാരം 137088/ രൂപ ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്(ഡി.ഡി.നമ്പർ 517188/23.02.16). എന്നാൽ ഗുണഭോക്തൃ കുടുംബങ്ങളിൽ 50ശതമാനത്തിൽ അധികം പട്ടിക ജാതിക്കാരാണെന്ന് തെളിയിക്കുന്നതിന് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. നിയമാനുസൃത കരാറില്ലാതെയാണ് തുക കൈമാറിയത്. തുക കൈപ്പറ്റിയതിന്റെ ഔദ്യോഗിക കൈപ്പറ്റ് രസീതും ലഭിച്ചിട്ടില്ല. പ്രോജക്ട് പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രവും നാളിതുവരെ നൽകിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നിക്ഷേപ പ്രവൃത്തിയ്ക്കായി പ്രത്യേക ഘടക പദ്ധതി ഫണ്ട് വിനിയോഗിച്ചത് ക്രമപ്രകാരമല്ല. 137088 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-6) എ.ബി.സി പ്രോഗ്രാം- പൂർത്തീകരണ രേഖകളില്ല

പ്രൊജക്ട് നം.S.161/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായുള്ള ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനായി (Animal birth Control programme) ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ 15-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 70000രൂപ വീതം ജില്ലാ പഞ്ചായത്തിന് നൽകുന്നതിന് 23-10-2015 ലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും ബഹു. ജില്ലാ കളക്ടറുടെ 06-11-2015ലെ B1 18838/15നം കത്തു പ്രകാരവും നിർദ്ദേശിച്ചിരുന്നു. ഇതു പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 70000രൂപ (ബിൽ നം.36 തീയതി 22-02-2016) ഗ്രാമ പഞ്ചായത്തിൽ നിന്ന് നൽകുകയുണ്ടായി. എന്നാൽ ടി തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റ് തീയതി വരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## (3-7) എസ്.എസ്.എ. - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്റ്റ് നം.005/16

നിർവ്വഹണഉദ്യോഗസ്ഥൻ - സെക്രട്ടറി

2015-16 വർഷം എസ്.എസ്.എ. പദ്ധതിയ്ക്ക് 464848രൂപ ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്.(ഡി.ഡി നമ്പർ 468628/21.12.2015). രണ്ട് ഗവൺമെന്റ് സ്കൂളുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിലുള്ളത്. നൽകുന്ന തുകയ്ക്ക് ആധാരമായ ചെലവ് പത്രിക, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കണമെന്നാവശ്യപ്പെട്ട് പ്രോജക്റ്റ് ഓഫീസർക്ക് ഗ്രാമപഞ്ചായത്ത് കത്ത് നൽകിവെങ്കിലും നാളിതുവരെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-8) ഡേറ്റാ എൻട്രി നടത്തിയതിന് പ്രതിഫലം- കൃത്യമായ കണക്കുകളില്ല

വൗച്ചർ നം 51500246/ 18.08.15- രൂപ17808

വൗച്ചർ നം 51500260, 20.08.15- രൂപ19353

1970 മുതൽ 2009 വരെയുള്ള ജനന-മരണ രജിസ്ട്രേഷൻ ഡേറ്റ എൻട്രി വരുത്തുന്നതിന് ഒരു എൻട്രിക്ക് 6 രൂപ നിരക്കിൽ 2968 റെക്കോഡ്സ് എൻട്രി വരുത്തിയതിന് 17808രൂപ 4 പേർക്കായി നൽകിയിട്ടുണ്ട്. വൗച്ചറിനൊപ്പമുള്ള കാൽക്കുലേഷൻ ഷീറ്റിൽ ആകെയുള്ള 36363 എൻട്രികളിൽ 33395 എൻട്രികൾക്ക് 6 രൂപ നിരക്കിൽ 218178 രൂപ (33395x6=218178) നൽകുകയും ബാക്കി 2968 എൻട്രികളുടെ ചാർജ്ജ് 17808 രൂപ (2968x6= 17808) ടി വൗച്ചർ പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതേ കാൽക്കുലേഷൻ ഷീറ്റിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ ജനന രജിസ്ട്രേഷൻ (30489x0.5=15244.50), മരണരജിസ്ട്രേഷൻ (5874x0.5=2937), ഹിന്ദുവിവാഹരജിസ്ട്രേഷൻ (194x0.5=97), പൊതുവിവാഹരജിസ്ട്രേഷൻ (1791x0.6=1074.6) എന്നീ ഇനങ്ങൾക്ക് സ്റ്റാഫ് വേരിഫിക്കേഷൻ ചാർജ്ജ് 19353 രൂപ (15244+2937+97+1075=19353) നൽകിയിട്ടുണ്ട്(വൗച്ചർ നം. 51500260/20.08.15). ജനനമരണ രജിസ്ട്രേഷന്റെ എണ്ണം നേരത്തെ സൂചിപ്പിച്ച ആകെയുള്ള 36363 എൻട്രികളാണ്. സ്റ്റാഫ് വേരിഫിക്കേഷൻ ചാർജ്ജ് നൽകിയിട്ടുള്ള ഹിന്ദുവിവാഹരജിസ്ട്രേഷൻ, പൊതുവിവാഹ രജിസ്ട്രേഷൻ (194+1791=1985 എണ്ണം) എന്നിവയുടെ ഡേറ്റാ എൻട്രി ചെയ്തതിന്റെ ബാക്കി 983 റെക്കോഡ്സ് (2968-1985=983) എന്താണെന്നുള്ളത് വ്യക്തമാക്കിയിട്ടില്ല. കാൽകുലേഷൻ ഷീറ്റിലെ കണക്കുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12) മറുപടിയായി സെക്രട്ടറി അറിയിച്ചത്. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക 37161രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-9) സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നം 91500262/ 22.08.15- രൂ.10000

08.06.15 ലെ സ.ഉ(എം. എസ് ) നം.188/2015 ത.സ്വ.ഭ.വ- ഉത്തരവ് പ്രകാരം പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ ഓഫീസ് ദൈനംദിന ചെലവിലേക്ക് 10,000 രൂപ (ഡി.ഡി നം.466849, 24.08.15) നൽകിയിട്ടുണ്ട്. ഉത്തരവിൻപ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി സെക്രട്ടറി അറിയിച്ചത്. ആയതിനാൽ രേഖയുടെ അഭാവത്തിൽ 10000രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## (3-10) പ്രിന്റ് ചെയ്ത സ്റ്റാറ്റസ് റിപ്പോർട്ടും ഗുണഭോക്തൃ ലിസ്റ്റും വിതരണം ചെയ്തതായി രേഖയില്ല

ഗ്രാമസഭാനോട്ടീസുകൾ (10,000 എണ്ണം), കരട് പദ്ധതിരേഖ (60 എണ്ണം), അന്തിമപദ്ധതിരേഖ (80എണ്ണം), അപേക്ഷാഫാറങ്ങൾ (5000എണ്ണം), സ്റ്റാറ്റസ് റിപ്പോർട്ട് (35എണ്ണം), ഗുണഭോക്തൃ ലിസ്റ്റ് (50എണ്ണം) എന്നിവ അച്ചടിച്ചതിന് 45540 /- രൂപ വൗച്ചർ നം.21500425/26.11.15 പ്രകാരം പിൻവലിച്ച് പെരങ്ങാട്ട് ഓഫ്-സെറ്റ്

പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ടും ഗുണഭോക്തൃ പട്ടികയും പ്രസ്തുത സ്ഥാപനത്തിൽ പ്രിന്റ് ചെയ്തവയല്ലെന്ന് ഓഡിറ്റിൽ വ്യക്തമായി. ഡി.റ്റി.പി എടുത്ത് കുത്തിക്കെട്ടിയ രേഖകളാണ് വൗച്ചറിനോടൊപ്പമുള്ളത്. നിർവഹണോദ്യോഗസ്ഥർ ഹാജരാക്കിയ ഗുണഭോക്തൃ പട്ടിക ഒന്നും തന്നെ ബയന്റ് ചെയ്തതോ അച്ചടിച്ചതോ അല്ല. ടി രേഖകൾ ആർക്ക്, എത്ര വിതരണം ചെയ്തു എന്നത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രിന്റ് ചെയ്ത ഓരോ കോപ്പി ഹാജരാക്കിയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ആർക്കാണ് വിതരണം ചെയ്തത് എന്നതു സംബന്ധിച്ച് കൃത്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതു വരെ 45540രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-11) കന്നുകുട്ടി പരിപാലന പദ്ധതി - പ്രത്യേക ഘടക പദ്ധതി ഫണ്ട് 1.75 ലക്ഷം രൂപ പാഴായി

2012-13 സാമ്പത്തിക വർഷം പ്രത്യേകഘടകപദ്ധതി ഫണ്ടിൽ നിന്നും 175000/രൂപ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി മൃഗ സംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിരുന്നു. 14 ഗുണഭോക്താക്കൾക്കായി ഒരാൾക്ക് 12000രൂപ ക്രമത്തിലാണ് സബ്സിഡി തുക അനുവദിച്ചത്. പ്രത്യേക ഘടകപദ്ധതി ഫണ്ടിന്റെ ചെലവ് ശതമാനം ഉയർത്തിക്കാണിക്കുന്നതിനുവേണ്ടി ഗുണഭോക്താക്കളെപ്പോലും കണ്ടെത്താതെ പ്രോജക്ട് പ്രകാരം തുക പിൻവലിച്ച് നൽകിയതു മൂലം ഫണ്ടിന്റെ വിനിയോഗം നിർജ്ജീവാവസ്ഥയിലാണ്. ആയതിനാൽ തുക അടിയന്തിരമായി തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## (3-12) സമ്പൂർണ്ണ ഊർജ്ജസുരക്ഷാ പദ്ധതി ; 4.72 ലക്ഷം രൂപയുടെ നിഷ്ക്രീയ നിക്ഷേപം

സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2011-12 വർഷം വികസനഫണ്ടിൽ നിന്നും 472500 രൂപ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു.

| ഫണ്ടിനം | തുക | ഡി.ഡി നമ്പർ/തീയതി |
|---|---|---|
| ലോക ബാങ്ക് ധനസഹായം | 292500 | 089328/29.3.2012 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 180000 | 089329/29.3.2012 |
| ആകെ | 472500 | |

എന്നാൽ അനെർട്ട് പദ്ധതി നടപ്പിലാക്കുകയുണ്ടായില്ല. അനർട്ടുമായി നിയമാനുസൃത കരാറിൽ ഏർപ്പെടാതെ തുക നൽകിയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കുന്നതിനാവശ്യമായ യാതൊരു നടപടികളും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിനോ അല്ലാത്ത പക്ഷം അനർട്ടിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനോ ആവശ്യമായ അടിയന്തിര നടപടി ഗ്രാമപഞ്ചായത്ത് കൈകൊള്ളേണ്ടതാണ്.

## (3-13) പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ പരമാവധി തുക നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ടിൽ നിന്നും 100000 രൂപ ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 4 വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 10 വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക

വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 8150 രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 4600 രൂപ വീതവുമാണ് (വ്യത്യസ്ത ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 15200 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. 2015-16 വർഷം വികസന ഫണ്ട് അലോട്ട്മെന്റ് ഇനത്തിൽ ലഭിച്ച തുകയിൽ 6569303 രൂപ ചെലവഴിക്കാതെ ലാപ്സായ സാഹചര്യത്തിലാണ് നിർബന്ധമായും തുക വകയിരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ച പ്രോജക്ടുകൾക്ക് പോലും ആവശ്യമായ തുക വകയിരുത്താതിരുന്നത്. ഇത് തുടർനടപടികൾക്കായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## (3-14) <u>അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും കുടുംബ ശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ടിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പംതന്നെ 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരവും പരിശോധനാ വിധേയമാക്കുന്നതിനുമായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്.

## (3-15) <u>അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 20 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 13 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 6 |
| ചുറ്റുമതിൽ ഉള്ളവ | 2 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 1 |
| കുടിവെള്ളം ലഭ്യമായവ | 1 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. 3 അങ്കണവാടികൾക്ക് സ്ഥലം ലഭ്യമായിട്ടും കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ ആയിട്ടില്ല. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭാ.വ, തീയതി.16.11.2013-അനുബന്ധം-1, ഖ-9-1] അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

## (3-16) കൈമാറി കിട്ടിയ സ്ഥാപനങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലയിലെ തന്നെ ഏക പി.എച്ച്.സി ആണിത്. ഫാമിലി വെൽഫയർ സെന്റർ,പുല്ലൂപ്രം, ഐ.സി.ഡി.പി സബ്സെന്റർ, ഹോമിയോ ആശുപത്രി തുടങ്ങിയസ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് വാടകകെട്ടിടങ്ങളിലാണ്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ അധികാരവികേന്ദ്രീകരണം നടപ്പാക്കി ഒന്നര ദശാബ്ദം പിന്നിട്ടിട്ടും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടില്ലെന്നുള്ളത് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളോടുള്ള അവഗണന വ്യക്തമാക്കുന്നു. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-17) ഒരു ലക്ഷം രൂപയുടെ ഹോമിയോ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>S0141/16 |
| അടങ്കൽ തുക | 100000 (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക | 100000 (ബിൽ നം.19/15-16/21.12.15) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ നിയന്ത്രണത്തിലുള്ള ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന്

100000 രൂപ ഹോംകോയ്ക്ക് നൽകിയെങ്കിലും മരുന്നുകൾ ഒന്നും തന്നെ നാളിതുവരെ ലഭിച്ചിട്ടില്ല. നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാകാത്തത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി ഇടപെടേണ്ടതും മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

## (3-18) ആശ്രയ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് അവഗണിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതി ആരംഭിച്ചത് 2007-08 വർഷമായിരുന്നു. 2007-08 വർഷം ആരംഭിച്ച് 2010-11 വർഷം അവസാനിക്കത്തക്ക വിധമാണ് പദ്ധതി ആവിഷ്കരിച്ചത്. ആദ്യ ഘട്ടത്തിൽ 63 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. 2010-11-ൽ റീവിസിറ്റ് നടത്തി പുനക്രമീകരിച്ച പദ്ധതി പ്രകാരം 34 അഗതി കുടുംബങ്ങളാണുള്ളത്. 8/2010 മുതൽ ഇവർക്ക് ഭക്ഷണ വിതരണം നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. 2013-16 കാലയളവിൽ നടപ്പിലാക്കുന്നതിനായി 34അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി രണ്ടാം ഘട്ട പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചുവെങ്കിലും പ്രവർത്തനം ഭക്ഷണ വിതരണത്തിൽ ഒതുങ്ങി.

ആശ്രയ പദ്ധതിയ്ക്കായി ലഭ്യമായ ചലഞ്ച് ഫണ്ട്, വികസന ഫണ്ട് എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഒന്നാം ഘട്ട പദ്ധതി | | രണ്ടാം ഘട്ട പദ്ധതി | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| ചലഞ്ച് ഫണ്ട് | 1000000 | ഭക്ഷണം-471469 | 236542 | ആഹാരം-188650 |
| | | പഠനസഹായം- 1960 | | പഠന സഹായം-3750 |
| | | പദ്ധതി രൂപീകരണം-3750 | | |
| വികസന ഫണ്ട് | 275000 | ഇല്ല | 30000 | ഇല്ല |

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും നടപ്പിലാക്കേണ്ട പ്രോജക്ടുകളുടെ ഗണത്തിലാണ് അഗതി ആശ്രയ പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളത്. ആശ്രയ പദ്ധതിയ്ക്ക് തുക വകയിരുത്തിയില്ലെങ്കിൽ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകില്ലായെന്നുള്ളത് ആശ്രയ പദ്ധതിയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണ്. എന്നാൽ വർഷങ്ങളായി ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ആശ്രയ പദ്ധതിയ്ക്ക് തുക വകയിരുത്താതിരിക്കുകയോ, വകയിരുത്തുകയാണെങ്കിൽ കൂടി നാമമാത്രമായ തുക മാത്രം നൽകുകയോ ചെയ്യുന്നത് അഗതികളോട് ഗ്രാമപഞ്ചായത്ത് അധികൃതർ പുലർത്തുന്ന അവഗണനയായി മാത്രമേ കാണാൻ കഴിയൂ. ഓഡിറ്റ് വർഷം 20000 രൂപ മാത്രമാണ് വികസന ഫണ്ടിൽനിന്നും വകയിരുത്തി നൽകിയത്. നാളിതുവരെ വികസന ഫണ്ടിൽ നിന്നും യാതൊരു സഹായവും അഗതികൾക്ക് നൽകിയിട്ടുമില്ല, ഓഡിറ്റ് തീയതിയിൽ 1287039 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

ആശ്രയ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്തും, സി.ഡി.എസും. സത്വരനടപടി

സ്വീകരിക്കേണ്ടതും, വാർഷിക പദ്ധതിയിൽ വ്യക്തിഗത ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആശ്രയ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## (3-19) മരാമത്ത് പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി

പൊതുമരാമത്ത് വകുപ്പിന്റെ(H) 17.4.13-ലെ GO(P) 36/2013/PWD- ഉത്തരവനുസരിച്ച് CPWD ഡേറ്റാ (DSR) പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16വർഷം മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരിക്കുന്നത്. CPWD, Analysis of Rates-2014, Vol-I പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code : 4.1.3) അടിസ്ഥാന നിരക്ക് 4753.29/ m3 ആണ് (കൺവീനർ പ്രവൃത്തികൾക്ക്). പി.ഡബ്ലൂ.ഡി ചീഫ് എഞ്ചിനീയറുടെ 15.12.14-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.1.2015 മുതൽ ബാധകമായ കോസ്റ്റ് ഇന്റക്സ് 40.95% ആണ്. ആയതുപ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.76/m3 ആണ്(4753.29X1.4095). 1.7.15മുതൽ കോസ്റ്റ് ഇൻഡക്സ് 45.71%-ഉം ആണ്. ആയതുപ്രകാരം അനുവദിക്കാവുന്ന നിരക്ക് 6926.02/m3 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |

| | | | | Total | 4706.23 |
|---|---|---|---|---|---|
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta, 40.95% | | | | | 1946.47 |
| Total | | | | | 6699.76 |
| @45.71% | | | | | 6926.02 |

എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ റോഡ് നിർമ്മാണത്തിന് അവലംബിക്കേണ്ട സ്പെസിഫിക്കേഷന പകരം (Code 4.1.3) തറ നിരപ്പാക്കലിന് ബാധകമായ സ്പെസിഫിക്കേഷനം, നിരക്കും (7058.80/$m^3$) അവലംബിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് കണ്ടു (Flooring, DSR Code: 11.7). അതായത്, 1.1.15മുതൽ 7058.78/m3 എന്ന നിരക്കും 1.7.15മുതൽ 7297.16/m3എന്ന നിരക്കമാണ് കൺവീനർമാർക്ക് അനുവദിച്ച നൽകിയത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിവിധ പ്രവൃത്തികളിൽ അധികം ചെലവഴിച്ച താഴെ പറയുന്ന തുകകൾ നിരാകരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./പേര്/ അടങ്കൽ തുക/ ഫണ്ട് | കൺവീനർ/എം.ബുക്ക് നം./ ബിൽ നം. തീയതി,തുക | കോൺക്രീറ്റിംഗിന്റെ അളവ്, അനുവദിച്ച നിരക്ക്, തുക | അനുവദിക്കാവുന്ന തുക (@6699.76/ m3- കൺവീനർക്ക്) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | S.036/16- ചവറംപ്ലാവ് തൊണ്ടട റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഗ്രാന്റ്) | ഷിജുമോൻ.റ്റി.കെ, തെക്കേചരുവിൽ.<br>എം.ബുക്ക് നം.35/15-16<br>ബിൽ നം.29/15-16/15.2.16 -രൂ.199395 | 13.1625m3<br>@7058.78/m3<br>= 92911.19 | 88185.59 | 4726 |
| 2 | S.088/16-കാവുങ്കൽ സി.എം.എസ്- സി.എസ്.ഐ പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.150000 (മെയിന്റനൻസ് ഗ്രാന്റ്) | സേതുലക്ഷ്മി, തുണ്ടിയിൽ.<br>എം.ബുക്ക് നം.27/15-16<br>ബിൽ നം.28/15-16 /15.2.16- രൂ.147930 | 9.765m3<br>@7058.78/m3<br>= 68928.98 | 65423.16 | 3506 |

| | | | | | |
|---|---|---|---|---|---|
| 3 | S.083/16-ചിറയ്ക്കൽ പടി പുത്തൻപുരയ്ക്കൽ റോഡ് കോൺക്രീറ്റിംഗ്. രൂ.285000 (മെയിന്റനൻസ് ഗ്രാന്റ്) | കെ.സി.ജേക്കബ്, കുറ്റിയിൽ ചീനിവിളയിൽ. എം.ബുക്ക് നം.30/15-16 ബിൽ നം.30/15-16 /15.2.16- രൂ.282221 | 18.63m3 @7058.78/m3 = 131505.07 | 124816.53 | 6689 |
| 4 | S.050/16-ഐക്കാട്ടു മണ്ണിൽ പടി മണിമലേത്ത് പടി റോഡ് കോൺക്രീറ്റിംഗ്. രൂ.150000 (മെയിന്റനൻസ് ഫണ്ട്) | വി.ജെ.ജോസഫ്, വടക്കേമണ്ണിൽ. എം.ബുക്ക് നം.41/15-16 ബിൽ നം.31/15-16 /20.2.16- രൂ.98847 | 6.525m3 @7058.78/m3 = 46058.53 | 43715.93 | 2343 |
| 5 | S.091/16-ആഞ്ഞിലിമൂട്ടിൽ പടി പീടികയിൽ പടി റോഡ് കോൺക്രീറ്റിംഗ്. രൂ.100000 (മെയിന്റനൻസ് ഫണ്ട്) | റ്റി.സി.തോമസ്, മുള്ളംകുഴിയിൽ തടത്തിൽ. എം.ബുക്ക് നം.28/15-16 ബിൽ നം.27/15-16 /15.2.16- രൂ.98847 | 6.525m3 @7058.78/m3 = 46058.53 | 43715.93 | 2343 |
| 6 | S.045/16-അഴകനാംകുഴി പടിഞ്ഞാറേമണ്ണിൽ റോഡ് കോൺക്രീറ്റിംഗ്. രൂ.145000 (മെയിന്റനൻസ് ഫണ്ട്) | രാജമ്മ സോമൻ, ചരിവുകാലായിൽ. എം.ബുക്ക് നം.26/15-16 ബിൽ നം.26/15-16 /15.2.16- രൂ.144519 | 9.54m3 @7058.78/m3 = 67340.76 | 63915.71 | 3425 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 7 | S.129/16- കാട്ടുപുരയിടത്തിൽ പടി പുന്നമൂട്ടിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | ലൈലാ ബീവി.എം,<br>ഇടശ്ശേരി മേപ്രത്ത്.<br>എം.ബുക്ക് നം.29/15-16<br>ബിൽ നം.25/15-16/ 15.2.16- രൂ.98618 | 6.51m3<br>@7058.78/m3<br>= 45952.65 | 43615.44 | 2337 |
| 8. | S.085/16- താമരശ്ശേരി ഐവേലിപ്പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | സോമശേഖരൻ നായർ,<br>വടക്കേമുറിയിൽ.<br>എം.ബുക്ക് നം.22/15-16<br>ബിൽ നം.24/15-16/18.1.16- രൂ.98033 | 6.471m3<br>@7058.78/m3<br>= 45677.36 | 43354.15 | 2323 |
| 9 | S.028/16- പാലത്തിങ്കൽ പടി മരോട്ടിപതാൽ മണ്ണാറത്തറ റോഡ് കോൺക്രീറ്റിംഗ്.<br>രൂ.145000 (മെയിന്റനൻസ് ഫണ്ട്) | പി.എ.സൈമൺ,<br>പുലിത്തിട്ട.<br>എം.ബുക്ക് നം.21/15-16<br>ബിൽ നം.23/15-16/18.1.16- രൂ.144519 | 9.54m3<br>@7058.78/m3<br>= 67340.76 | 63915.71 | 3425 |
| 10 | S.078/16- പൈമാറോഡ് ആഞ്ഞിലിക്കാട്ട് പടി പള്ളിക്കൽ പടി റോഡ് | സി.ആർ.സദാശിവൻ,<br>ചാവരപതാലിൽ.<br>എം.ബുക്ക് നം.40/15-16<br>ബിൽ നം.32/15-16 | 13.1625m3<br>@7058.78/m3<br>= 92911.19 | 88185.59 | 4726 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | /20.2.16-രൂ.199395 | | | |
| 11 | S.076/16-മുളമ്പള്ളിപടി മാർത്തോമാ പള്ളിപടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | എ.എസ്.ശാമുവേൽ, മാമൂട്ടിൽ.<br>എം.ബുക്ക് നം.23/15-16<br>ബിൽ നം.21/15-16/18.1.16-രൂ.98847 | 6.525m3<br>@7058.78/m3<br>= 46058.53 | 43715.93 | 2343 |
| 12 | S.044/16-പൂവൻമല തെക്കേമുറിക്കടവ് റോഡ് കോൺക്രീറ്റിംഗ്.<br>രൂ.150000 (മെയിന്റനൻസ് ഫണ്ട്) | റ്റി.കെ.വിജയൻ,<br>തടത്തിൽ.<br>എം.ബുക്ക് നം.19/15-16<br>ബിൽ നം.20/15-16/11.1.16-രൂ.149973 | 9.9m3<br>@7058.78/m3<br>= 69881.92 | 66327.62 | 3554 |
| 13 | S.043/16-വരവൂർ നാലുസെന്റ് കോളനി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | നിബു തോമസ്,<br>ചെളിക്കുഴിയിൽ.<br>എം.ബുക്ക് നം.17/15-16<br>ബിൽ നം.19/15-16/11.1.16-രൂ.98847 | 6.525m3<br>@7058.78/m3<br>= 46058.53 | 43715.93 | 2343 |
| 14 | S.027/16-കളത്തൂർ പടി വെണ്ണിയമ്പാറ മാർത്തോമാ റോഡ് | ഫിലിപ്പ് മാത്യു,<br>എരുമത്തടത്തിൽ. | 13.162m3<br>@7058.78/m3 | 88182.24 | 4725 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | എം.ബുക്ക് നം.16/15-16<br>ബിൽ നം.18/15-16/11.1.16- രൂ.199392 | = 92907.66 | | |
| 15 | S.041/16-വരവൂർ കൊച്ചുപറമ്പിൽ റോഡ് കോൺക്രീറ്റിംഗ്.<br>രൂ.150000 (മെയിന്റനൻസ് ഫണ്ട്) | ജോമോൻ.സി.ജോസ്,<br>ചണ്ണപ്ലാക്കൽ.<br>എം.ബുക്ക് നം.18/15-16<br>ബിൽ നം.17/15-16/11.1.16- രൂ.149973 | 9.9m3<br>@7058.77/m3<br>= 69586.57 | 66327.62 | 3259 |
| 16 | S.156/16-കണ്ടനാട്ട് പടി വെൺമേലിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.129000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | ജെറിൻ ടോം കോശി,<br>വെൺമേലിൽ.<br>എം.ബുക്ക് നം.63/15-16<br>ബിൽ നം.70/15-16 /28.3.16- രൂ.128963 | 8.235m3<br>@7297.16/m3<br>= 60092 | @6926.02/m3<br>=57035.77 | 3056 |
| 17 | S.118/16-വയർകുന്നിൽ പടി ഇലഞ്ഞാത്രപ്പടി നടപ്പാത കോൺക്രീറ്റിംഗ്.<br>രൂ.50000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | തോമസ് എബ്രഹാം,<br>പാറയ്ക്കൽ<br>എം.ബുക്ക് നം.14/15-16<br>ബിൽ നം.17/15-16/11.12.15- രൂ.85419 | 4.50m3<br>@7058.78/m3<br>= 31764.51 | 30148.92 | 1616 |
| 18 | S.029/16-കടവുപുഴ കോമളംകുഴി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 | സി.കെ.ജോൺ,<br>ചെറുകരേത്ത്.<br>എം.ബുക്ക് നം.33/15-16 | 6.53m3<br>@7058.78/m3<br>= 46093.83 | 43749.43 | 2344 |

| | | | | | |
|---|---|---|---|---|---|
| | (മെയിന്റനൻസ് ഫണ്ട്) | ബിൽ നം.39/15-16 /20.2.16- രൂ.98883 | | | |
| 19 | S.30/16- നെല്ലിക്കമൺ വാര്യത്തുപടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | തോമസ് എബ്രഹാം,<br>പതാലിൽ.<br>എം.ബുക്ക് നം.6/15-16<br>ബിൽ നം.9/15-16 /29.12.15- രൂ.199395 | 13.1625m3<br>@7058.78/m3<br>= 92911.19 | 88185.59 | 4726 |
| 20 | S.31/16-പേട്ട അരുവിക്കൽ റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | തോമസ് ഫിലിപ്പ്,<br>പുല്ലംപള്ളിൽ തടത്തിൽ.<br>എം.ബുക്ക് നം.7/15-16<br>ബിൽ നം.6/15-16 /29.12.15-രൂ.98847 | 6.525m3<br>@7058.78/m3<br>= 46058.53 | 43715.93 | 2343 |
| 21 | S.32/16- മാർത്തോമാ പള്ളിപ്പടി ആറ്റാശ്ശേരി പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.150000 (മെയിന്റനൻസ് ഫണ്ട്) | ജസ്റ്റിൻ ജോർജ്,<br>തേക്കുകാലായിൽ.<br>എം.ബുക്ക് നം.51/15-16<br>ബിൽ നം.54/15-16 /14.3.16- രൂ.149973 | 9.9m3<br>@7058.78/m3<br>= 69881.92 | 66327.62 | 3554 |
| 22 | S.33/16- നെല്ലിക്കമൺ പോസ്റ്റോഫീസ് മുക്കുട്ടുതറ റോഡ് കോൺക്രീറ്റിംഗ്. | തോമസ്.എം.തോമസ്,<br>മുള്ളംകാട്ടിൽ.<br>എം.ബുക്ക് നം.31/15-16<br>ബിൽ നം.38/15-16 | 13.1625m3<br>@7058.78/m3<br>= 92911.19 | 88185.59 | 4726 |

| | | | | | |
|---|---|---|---|---|---|
| | രൂ.200000 (മെയിന്റനൻസ് ഫണ്ട്) | /20.2.16- രൂ.199404 | | | |
| 23 | S.34/16- എബനേസർ ചിറയിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.345000 (മെയിന്റനൻസ് ഫണ്ട്) | വർഗീസ്.പി.എം,<br>പുതുവേൽ.<br>എം.ബുക്ക് നം.53/15-16<br>ബിൽ നം.49/15-16 /23.3.16- രൂ.345000 | 22.05m3<br>@7297.16/m3<br>=160902.37 | @6926.02/m3<br>=152718.74 | 8184 |
| 24 | S.35/16- പുതുവേൽപടി വാഴയിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | വർഗിസ് ചാക്കോ, ചാലുങ്കൽ.<br>എം.ബുക്ക് നം.60/15-16<br>ബിൽ നം.61/15-16 /28.3.16- രൂ.199404 | 13.1625m3<br>@7058.78/m3<br>=92911.19 | 88185.59 | 4726 |
| 25 | S.37/16-മുസ്ലീം പള്ളി പടി കത്തോലിക്കാപള്ളി പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.150000 (മെയിന്റനൻസ് ഫണ്ട്) | അബ്ദുൾ കരിം,<br>ചരിവ് പുരയിടം.<br>എം.ബുക്ക് നം.44/15-16<br>ബിൽ നം.62/15-16 /28.3.16- രൂ.149973 | 9.9m3<br>@7058.78<br>=69881.92 | 66327.62 | 3554 |
| 26 | S.38/16- കളത്തൂർ പടി | ജോണ്.പി.എം,<br>പനന്തോട്ടത്തിൽ. | 9.59m3<br>@7058.78/m3 | 64250.70 | 3090 |

| | | | | | |
|---|---|---|---|---|---|
| | പനന്തോട്ടത്തിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.145000 (മെയിന്റനൻസ് ഫണ്ട്) | എം.ബുക്ക് നം.32/15-16<br>ബിൽ നം.40/15-16 /20.2.16- രൂ.144519 | =67340.76 | | |
| 27 | S.39/16-കത്തോലിക്കാ പള്ളിപ്പടി സി.എസ്.ഐ പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | റോസമ്മ ജയിംസ് ,<br>ഇലവുങ്കൽ.<br>എം.ബുക്ക് നം.38/15-16<br>ബിൽ നം.37/15-16 /20.2.16- രൂ.98847 | 6.525m3<br>@7058.78/m3<br>=46058.53 | 43715.93 | 2343 |
| 28 | S.40/16-തേവർതുണ്ടിയിൽ പടി പട്ടയിൽ മല റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | ഫിലിപ്പോസ് തോമസ്,<br>ഈട്ടിക്കൽ.<br>എം.ബുക്ക് നം.42/15-16<br>ബിൽ നം.36/15-16/ 20.2.16- രൂ.98847 | 6.525m3<br>@7058.78/m3<br>=46058.53 | 43715.93 | 2343 |
| 29 | S.42/16-ചേലയ്ക്കാട്ട് തടം വാര്യത്തുപടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | മാത്തുക്കുട്ടി,<br>ചെറുതോട്ടുങ്കൽ.<br>എം.ബുക്ക് നം.37/15-16<br>ബിൽ നം.35/15-16 /20.2.16- രൂ.98847 | 6.525m3<br>@7058.78/m3<br>=46058.53 | 43715.93 | 2343 |

| | | | | | |
|---|---|---|---|---|---|
| 30 | S.46/16-സ്നേഹപുരം മേടയ്ക്കൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | റ്റി.വി.മാത്യു,<br>തേവർ തോട്ടത്തിൽ.<br>എം.ബുക്ക് നം.65/15-16<br>ബിൽ നം.60/15-16/ 28.3.16- രൂ.199395 | 13.1625m3<br>@7058.78/m3<br>=92911.19 | 88185.59 | 4726 |
| 31 | S.47/16-വളവൊടികാവ് ഏഴോലി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | എലിസബേത്ത് ഫിലിപ്പ്,<br>പാണ്ടിയത്ത്.<br>എം.ബുക്ക് നം.57/15-16<br>ബിൽ നം.58/15-16/ 28.3.16- രൂ.199395 | 13.1625m3<br>@7058.78/m3<br>=92911.19 | 88185.59 | 4726 |
| 32 | S.48/16-പുല്ലുപ്രം പി.സി. ഹൈസ്കൂൾ പടി കണ്ണാത്തുപടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.150000 (മെയിന്റനൻസ് ഫണ്ട്) | റ്റി.എസ്.കുട്ടപ്പൻ നായർ,<br>തറമണ്ണിൽ.<br>എം.ബുക്ക് നം.2/15-16<br>ബിൽ നം.12/15-16/ 29.12.15- രൂ.149973 | 9.9m3<br>@7058.78<br>=69881.92 | 66327.62 | 3554 |
| 33 | S.49/16-ഏഴോലി സ്കൂൾ പടി കല്ലിലേത്ത് പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | സജി തോമസ്,<br>ചിറപ്പുറമ്പിൽ.<br>എം.ബുക്ക് നം.11/15-16<br>ബിൽ നം.5/15-16/ 29.12.15- രൂ.95258<br>ബിൽ നം.4/15-16/ 29.12.15- രൂ.3589 | 6.525m3<br>@7058.78/m3<br>=46058.53 | 43715.93 | 2343 |

| | | | | | |
|---|---|---|---|---|---|
| 34 | S.51/16-ഐക്കാട്ടു മണ്ണിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.90000 (മെയിന്റനൻസ് ഫണ്ട്) | എം.സി.പുന്നൂസ്,<br>ഐക്കാട്ടുമണ്ണിൽ.<br>എം.ബുക്ക് നം.54/15-16<br>ബിൽ നം.55/15-16/ 14.3.16- രൂ.90000 | 5.85m3<br>@7297.16/m3<br>=42688.38 | @6926.02/m3<br>=40517.22 | 2171 |
| 35 | S.73/16-പറക്കുളം കരുവേലിപടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | സി.എസ്.ചന്ദ്രമോഹനൻ,<br>ചിരട്ടോലിൽ.<br>എം.ബുക്ക് നം.49/15-16<br>ബിൽ നം.47/15-16/ 21.3.16- രൂ.98883 | 6.53m3<br>@7058.78/m3<br>=46093.83 | 43749.43 | 2344 |
| 36 | S.74/16-കുത്തുകല്ലുങ്കൽ ചിരട്ടോലിത്തടം റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | രാജു സൈമൺ,<br>ഈട്ടിക്കൂട്ടത്തിൽ.<br>എം.ബുക്ക് നം.4/15-16<br>ബിൽ നം.3/15-16/ 25.9.15- രൂ.98847 | 6.525m3<br>@7058.78/m3<br>=46058.53 | 43715.93 | 2343 |
| 37 | S.75/16-കൊച്ചുപറമ്പിൽ പടി പാണ്ടനാട്ട് പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | കെ.ഐ.മത്തായി,<br>കാവേരിക്കുളത്ത്.<br>എം.ബുക്ക് നം.1/15-16<br>ബിൽ നം.13/15-16/ 29.12.15- രൂ.199116 | 13.1625m3<br>@7058.78<br>=92911.19 | 88182.24 | 4729 |

| | | | | | |
|---|---|---|---|---|---|
| 38 | S.77/16-പൈമാ റോഡ് (ആലപ്പാട്ടുപടി വലയിപറമ്പിൽ പടി) റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | ജോബ്യ സാമുവേൽ,<br>ഈട്ടിക്കാലായിൽ.<br>എം.ബുക്ക് നം.20/15-16<br>ബിൽ നം.22/15-16/ 18.1.16- രൂ.199392 | 13.162m3<br>@7058.78/m3<br>=92907.66 | 88182.24 | 4725 |
| 39 | S.81/16-ഓലിക്കൽ പടി തടത്തിൽ മല റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | പി.ആർ.സദാനന്ദൻ,<br>പുത്തൻവീട്ടിൽ.<br>എം.ബുക്ക് നം.47/15-16<br>ബിൽ നം.53/15-16/ 14.3.16- രൂ.195971 | 12.936m3<br>@7058.78/m3<br>=91312.37 | 86668.10 | 4644 |
| 40 | S.82/16-മുക്കരണത്തുപടി എബനേസർ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | പി.പി.ഫിലിപ്പ്,<br>പീടികയിൽ.<br>എം.ബുക്ക് നം.15/15-16<br>ബിൽ നം.16/15-16/ 11.1.16- രൂ.198542 | 13.106m3<br>@7058.78/m3<br>=92512.37 | 87807.05 | 4705 |
| 41 | S.84/16-ഏഴോലി എബനേസർ സ്കൂൾ കോർട്ട് റോഡ് കോൺക്രീറ്റിംഗ്.<br>രൂ.160000 (മെയിന്റനൻസ് ഫണ്ട്) | മാത്യു വർഗീസ്,<br>നഗരൂർ കിഴക്കേൽ.<br>എം.ബുക്ക് നം.12/15-16<br>ബിൽ നം.10/15-16/ 29.12.15- രൂ.159706 | 10.542m3<br>@7058.78/m3<br>=74413.65 | 70628.87 | 3785 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 42 | S.87/16-തെക്കേകാലാ പടി വരവൂർ മാർത്തോമാ പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | അനീഷ് കുമാർ,<br>മുണ്ടക്കാട്ട് വടക്കേതിൽ.<br>എം.ബുക്ക് നം.36/15-16<br>ബിൽ നം.34/15-16/ 20.2.16- രൂ.98847 | 6.525m3<br>@7058.78/m3<br>=46058.53 | 43715.93 | 2343 |
| 43 | S.90/16-വടക്കേപടി വേലുകിഴക്കേപടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | ജേക്കബ് മാത്യു,<br>വേലുകിഴക്കേതിൽ.<br>എം.ബുക്ക് നം.34/15-16<br>ബിൽ നം.46/15-16/ 21.3.16- രൂ.98847 | 6.525m3<br>@7058.78/m3<br>=46058.53 | 43715.93 | 2343 |
| 44 | S.92/16-ഉന്നക്കാവ് പോസ്റ്റോഫീസ് പടി ഉന്നക്കാവ് മല റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | ജോർളി മാത്യു,<br>കാഞ്ഞിരംനിൽക്കുന്നതിൽ.<br>എം.ബുക്ക് നം.8/15-16<br>ബിൽ നം.7/15-16/ 29.12.15- രൂ.98847 | 6.525m3<br>@7058.78/m3<br>=46058.53 | 43715.93 | 2343 |
| 45 | S.93/16-പറക്കുളം പുളിമുക്ക് റോഡ് കോൺക്രീറ്റിംഗ്.<br>രൂ.110000 (മെയിന്റനൻസ് ഫണ്ട്) | മോൻസി മാത്യു,<br>വേലുകിഴക്കേതിൽ.<br>എം.ബുക്ക് നം.39/15-16<br>ബിൽ നം.41/15-16/ 20.2.16- രൂ.102254 | 6.75m3<br>@7058.78/m3<br>=47646.76 | 45223.38 | 2423 |

| | | | | | |
|---|---|---|---|---|---|
| 46 | S.94/16- നെല്ലിക്കമൺ ഐ.പി.സി. ഏഴോലി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.150000 (മെയിന്റനൻസ് ഫണ്ട്) | ശാമുവേൽ ശാമുവേൽ,<br>ഓലിക്കൽ.<br>എം.ബുക്ക് നം.53/15-16<br>ബിൽ നം.52/15-16/ 14.3.16- രൂ.149973 | 9.9m3<br>@7058.78<br>=69881.92 | 66327.62 | 3554 |
| 47 | S.95/16-കാലായിൽ പടി ഐക്കാട്ടുമണ്ണിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | ജേക്കബ്.പി.വർഗീസ്,<br>പഞ്ഞിക്കാട്ടിൽ.<br>എം.ബുക്ക് നം.13/15-16<br>ബിൽ നം.15/15-16/ 11.1.16- രൂ.199385 | 13.1625m3<br>@7058.78<br>=92911.19 | 88185.59 | 4726 |
| 48 | S.96/16- വലിയകാവ് മഞ്ഞനാംകുഴി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 (മെയിന്റനൻസ് ഫണ്ട്) | പി.വി.ജോസഫ്,<br>പള്ളിതെക്കേതിൽ.<br>എം.ബുക്ക് നം.45/15-16<br>ബിൽ നം.50/15-16/ 14.3.16- രൂ.199389 | 13.20m3<br>@7058.78/m3<br>=93175.89 | 88436.83 | 4739 |
| 49 | S.97/16- പുറമ്പാറത്തടം വട്ടമല റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | സോൺ.ജി.ജോൺ,<br>നിരവിൽ.<br>എം.ബുക്ക് നം.24/15-16<br>ബിൽ നം.56/15-16/ 28.3.16- രൂ.98889 | 6.53m3<br>@7058.78/m3<br>=46093.83 | 43749.24 | 2345 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 50 | S.98/16-പനംപ്ലാക്കൽ റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | കെ.ആർ.ഗോപിനാഥൻ,<br>ദീപു വീട്.<br>എം.ബുക്ക് നം.3/15-16<br>ബിൽ നം.2/15-16/ 25.9.15- രൂ.99656 | 5.25m3<br>@7058.78/m3<br>=37058.59 | 35173.74 | 1885 |
| 51 | S.100/16-അറയ്ക്കമണ്ണിൽ പടി വളയനാട്ട് അംഗൻവാടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.50000 (മെയിന്റനൻസ് ഫണ്ട്) | ജിനു ജോസഫ്,<br>ഐക്കാട്ട്.<br>എം.ബുക്ക് നം.-രേഖപ്പെടുത്തിയിട്ടില്ല.<br>ബിൽ നം.33/15-16/ 20.2.16- രൂ.49422 | 3.2625m3<br>@7058.78/m3<br>=23029.26 | 21857.97 | 1171 |
| 52 | S.102/16-പനവേലി പടി കൊങ്ങളത്തുപടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് ഫണ്ട്) | എം.ആർ.വിജയൻ,<br>മാളിയേക്കൽ.<br>എം.ബുക്ക് നം.58/15-16<br>ബിൽ നം.56/15-16/ 28.3.16- രൂ.99720 | 6.3675m3<br>@7297.16<br>=46464.66 | @6926.02/m3<br>=44101.43 | 2363 |
| 53 | S.104/16-മേപ്രത്ത് പടി വളയനാട്ട് പടി നടപ്പാത കോൺക്രീറ്റിംഗ്.<br>രൂ.100000 (മെയിന്റനൻസ് | മുഹമ്മദ് അഷറഫ്,<br>മേപ്രത്ത്.<br>എം.ബുക്ക് നം.67/15-16<br>ബിൽ നം.67/15-16/ 28.3.16- രൂ.99088 | 5.22m3<br>@7058.78/m3<br>=36846.83 | 34972.75 | 1874 |

| | | | | | |
|---|---|---|---|---|---|
| | ഫണ്ട്) | | | | |
| 54 | S.105/16-പാറയ്ക്കൽ ശാലീശ്വരം അമ്പലം നടപ്പാത കോൺക്രീറ്റിംഗ്.<br>രൂ.150000 (മെയിന്റനൻസ് ഫണ്ട്) | ഗോപാലപിള്ള.കെ.ജി,<br>കരയ്ക്കാട്ടൂർ.<br>എം.ബുക്ക് നം.43/15-16<br>ബിൽ നം.43/15-16/ 21.3.16- രൂ.149959 | 7.9m3<br>@7058.78/m3<br>=55764.36 | 52928.10 | 2836 |
| 55 | S.106/16- കോയിക്കൽ പടി മേപ്രത്ത് പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 | ബിജു തോമസ്,<br>മണിമലേത്ത്.<br>എം.ബുക്ക് നം.50/15-16<br>ബിൽ നം.44/15-16/ 21.3.16- രൂ.199395 | 13.1625m3<br>@7058.78<br>=92911.19 | 88185.59 | 4726 |
| 56 | S.107/16- വലിയകാവ് റേഷൻകട പടി മണ്ണാറത്തറ റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000 | ജിനോയ് തോമസ്,<br>എട്ടുപങ്കിൽ.<br>എം.ബുക്ക് നം.52/15-16<br>ബിൽ നം.51/15-16/ 14.3.16- രൂ.99656 | 5.25m3<br>@7058.78/m3<br>=37058.59 | 35173.74 | 1885 |
| 57 | S.118/16- വയർകുന്നിൽ പടി ഇലഞ്ഞാത്രപ്പടി നടപ്പാത കോൺക്രീറ്റിംഗ്.<br>രൂ.50000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | തോമസ് എബ്രഹാം,<br>പാറയ്ക്കൽ തെക്കേകാലായിൽ.<br>എം.ബുക്ക് നം.74/15-16<br>ബിൽ നം.72/15-16/ 30.3.16- രൂ.49365 | 2.6m3<br>@7058.78/m3<br>=18352.82 | 17419.38 | 933 |

| | | | | | |
|---|---|---|---|---|---|
| 58 | S.124/16-കല്ലേലിമണ്ണിൽ പടി പറങ്ങാമൂട്ടിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.150000 | മജോ ജോസഫ്,<br>പുതുപ്പറമ്പിൽ.<br>എം.ബുക്ക് നം.48/15-16<br>ബിൽ നം.42/15-16/ 14.3.16- രൂ.149973 | 9.9m3<br>@7058.78/m3<br>=69881.92 | 66327.62 | 3554 |
| 59 | S.125/16-ചെട്ടിമുക്ക് മാളിയേക്കൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000 | എബി മാത്യു,<br>കട്ടിത്തോട്ടത്തിൽ.<br>എം.ബുക്ക് നം.5/15-16<br>ബിൽ നം.1/15-16/ 25.9.15- രൂ.199395 | 13.1625m3<br>@7058.78/m3<br>= 92911.19 | 88185.59 | 4726 |
| 60 | S.126/16-വടക്കേമണ്ണിൽ വടക്കേക്കുറ്റ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.360000 | ജേക്കബ് സ്റ്റീഫൻ,<br>പുത്തൻവീട്ടിൽ.<br>എം.ബുക്ക് നം.9/15-16<br>ബിൽ നം.8/15-16/ 29.12.15- രൂ.359935 | 23.76m3<br>@7058.78/m3<br>=167716.61 | 159186.30 | 8530 |
| 61 | S.128/16-മഴവഞ്ചേരിപടി ആശാരിപടി നടപ്പാത കോൺക്രീറ്റിംഗ്.<br>രൂ.45000 | മധുസൂദനൻപിള്ള,<br>മാളിയേക്കൽ.<br>എം.ബുക്ക് നം.61/15-16<br>ബിൽ നം.53/15-16/ 28.3.16- രൂ.44609 | 2.35m3<br>@7058.78/m3<br>=16588.13 | 15744.44 | 844 |
| 62 | S.130/16-പുളിമുക്ക് കത്തോലിക്കാ പള്ളി നടപ്പാത കോൺക്രീറ്റിംഗ്.<br>രൂ.143000 | സുമ ജോസ്,<br>പുറത്തെ പറമ്പിൽ.<br>എം.ബുക്ക് നം.14/15-16<br>ബിൽ നം.14/15-16/ 11.1.16- രൂ.142194 | 7.491m3<br>@7058.78/m3<br>=52877.32 | 50187.90 | 2689 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 63 | S.144/16- സി.വി.റോഡ് കോൺക്രീറ്റിംഗ്.<br>രൂ.40000 | ജോജി വർഗീസ്,<br>കുഴിക്കാലായിൽ.<br>എം.ബുക്ക് നം.- രേഖപ്പെടുത്തിയിട്ടില്ല.<br>ബിൽ നം.49/15-16/ 14.3.16- രൂ.39879 | 2.6325m3<br>@7058.78/m3<br>=18582.23 | 17637.12 | 945 |
| 64 | S.157/16- ചരിവുപറമ്പിൽ പടി പറക്കുളം റോഡ് കോൺക്രീറ്റിംഗ്.<br>രൂ.225000 | രാജൻ.പി.തോമസ്,<br>പാലത്തിങ്കൽ.<br>എം.ബുക്ക് നം.66/15-16<br>ബിൽ നം.63/15-16/ 28.3.16- രൂ.224798 | 14.354m3<br>@7297.16/m3<br>=104743.43 | @6926.02/m3<br>=99416.09 | 5327 |
| 65 | S.158/16- പ്രാവിൻകൂട് വെളിയത്തുപടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.300000 | ജെനിമോൻ.കെ.ജോൺ,<br>കല്ലുവെട്ടാംകുഴിയിൽ.<br>എം.ബുക്ക് നം.62/15-16<br>ബിൽ നം.57/15-16/ 28.3.16- രൂ.299506 | 19.125m3<br>@7297.16/m3<br>=139558.18 | @6926.02/m3<br>=132460.13 | 7098 |
| 66 | S.159/16-കാവുങ്കൽ പടി ചിറമേൽ പടി നടപ്പാത കോൺക്രീറ്റിംഗ്.<br>രൂ.97987 | പീറ്റർ, കാവുങ്കൽ.<br>എം.ബുക്ക് നം.64/15-16<br>ബിൽ നം.59/15-16/ 28.3.16- രൂ.96891 | 4.957m3<br>@7297.16/m3<br>=36172.02 | @6926.02/m3<br>=34332.28 | 1840 |
| ആകെ | | | | | 223852 |

മേൽ പറഞ്ഞ പ്രകാരം അധികം നൽകിയ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുകകൾ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## (3-20) ഗ്രാമപഞ്ചായത്താഫീസ് കെട്ടിടം പണി- കരാറുകാരന് അധിക തുക നൽകി

| | |
|---|---|
| പ്രൊജക്ട് നം, പേര് | S.067/16- ഗ്രാമപഞ്ചായത്താഫീസിന് പുതിയ കെട്ടിടം |
| അടങ്കൽ തുക | രൂ.19,99,000 (ലോകബാങ്ക് ധനസഹായം) |
| കരാറുകാരൻ | ബെന്നി സാം, പുത്തൻപറമ്പിൽ |
| എം.ബുക്ക് നം. | 71/15-16 (ഹാജരാക്കിയില്ല) |
| ചെലവു വിവരം | ബിൽ നം.95/30.3.16- രൂ.1034740(പാർട്ട് ബില്ല്) |

പ്രസ്തുത പ്രവൃത്തിയുടെ പാർട്ട് ബില്ല് പ്രകാരം കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. പിൻവലിച്ച് നൽകേണ്ടിയിരുന്ന തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യതുക | 11,51,701 |
| (-) 5.1% കുറവ് | (-) 58,737 |
| | 10,92,964 |
| റീട്ടെൻഷൻ | 1,09,296 |
| | 9,83,668 |
| (-) വാറ്റ്(4%) | 43,719 |
| (-)ആദായനികുതി | 10,929 |
| (-)തൊഴിലാളി ക്ഷേമനിധി | 10,929 |
| ബാക്കി തുക | 9,18,091 |

കരാറുകാരന് 918091രൂപ നൽകേണ്ടതിനു പകരം 969161രൂപ നൽകി. (ഡി.ഡി.നം.521879/2.4.16). അധികം നൽകിയ 51070രൂപ ഫൈനൽ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതും ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

1092964രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് 109296രൂപ റീട്ടെൻഷൻ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതിനുപകരം 1034740രൂപയാണ് ട്രഷറിയിൽ നിന്ന് പിൻവലിച്ചത്. റീട്ടെൻഷൻ തുക തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുമില്ല. ബാലൻസ് ഫണ്ട് ലാപ്സായ സാഹചര്യത്തിൽ റീട്ടെൻഷൻ തുക തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാതിരുന്നത് ഗുരുതരമായ അപാകതയാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

ചെയ്ത പ്രവൃത്തികളുടെ കൃത്യത പരിശോധിക്കുന്നതിനായി എം.ബുക്ക് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക 1034740രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## (3-21) അംഗൻവാടി കെട്ടിടം- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | S.137/16- 25-ാം നമ്പർ അംഗൻവാടി പുനരുദ്ധാരണം |
| അടങ്കൽ തുക | രൂ.2,20,000 (വികസനഫണ്ട്-200000, ധനകാര്യകമ്മീഷൻ ഗ്രാന്റ്-20000) |
| കൺവീനർ | ഷാജി.വി.തോമസ് മാത്യു, വേങ്ങഴയിൽ |
| എം.ബുക്ക് നം. | 68/15-16 |
| ചെലവു വിവരം | ബിൽ നം.71/15-16/28.3.16- രൂ.84168 (പാർട്ട് ബില്ല് - വികസനഫണ്ട്) |

13-ാം വാർഡിലെ ഉന്നക്കാവ് അംഗൻവാടിയുടെ ബാക്കി പണികൾക്കു വേണ്ടിയാണ് പ്രസ്തുത പ്രൊജക്റ്റ് തയ്യാറാക്കിയത്. എന്നാൽ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പാർട്ട് ബില്ല് പ്രകാരം മേൽപറഞ്ഞ തുക കൺവീനർക്ക് നൽകിയിട്ടുണ്ട്. പുനരുദ്ധാരണം എന്ന പേരിൽ പ്രൊജക്റ്റ് തയ്യാറാക്കി അംഗൻവാടി നിർമ്മാണത്തിലെ ബാക്കി പ്രവൃത്തികൾ ചെയ്തിരിക്കുന്നത് തെറ്റിദ്ധാരണാജനകമാണ്. ഇതിന് വിശദീകരണം നൽകേണ്ടതാണ്. ഇതേ അംഗൻവാടിയുടെ നിർമ്മാണത്തിനായി SO60/16 പ്രകാരം മറ്റൊരു സ്പിൽ ഓവർ പ്രൊജക്റ്റും ഇതേ കാലയളവിൽ ചെയ്തിട്ടുണ്ട്. പ്രസ്തുത അംഗൻവാടിയുടെ ബാക്കി പണികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. പ്രവൃത്തികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ചെലവുതുക 84168രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## (3-22) ആസ്തികൾ സംരക്ഷിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ശരിയായി സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ഒരു വസ്തുവിന്റേയും ആധാരം പഞ്ചായത്തിലില്ല. വസ്തുക്കൾ അതിർ തിരിച്ച് സംരക്ഷിക്കാത്തത് അനധികൃത കയ്യേറ്റങ്ങൾക്കുള്ള സാഹചര്യം സൃഷ്ടിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്ത് വക വസ്തുവകകളുടെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.6/8.11.16) മറുപടി ലഭ്യമാക്കാൻ തക്കതായ രേഖകൾ പഞ്ചായത്തിലില്ലായിരുന്നു. വില്ലേജ് ഓഫീസിൽ നിന്ന് ലഭ്യമാക്കിയ ലൊക്കേഷൻ പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ആസ്തി | സർവ്വേ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിടം, | BL:7 | 17.60ആർ |

| | | | |
|---|---|---|---|
| | പട്ടികജാതി വികസന കേന്ദ്രം, ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലം | 247/6 | |
| 2 | ആയുർവ്വേദ ആശുപത്രി വസ്തു | BL:7<br>60/3 | 19ആർ |
| 3 | മൃഗാശുപത്രി, കുടുംബക്ഷേമ ഉപകേന്ദ്രം വസ്തു | BL:8<br>294/3 | 6.96ആർ |
| 4 | വരവൂർ 4സെന്റ് കോളനി അംഗൻവാടി വസ്തു (ഗവർണ്ണറുടെ പേരിൽ) | BL:7<br>346/4 | വിസ്തീർണ്ണം കാണിച്ചിട്ടില്ല. |
| 5 | വരവൂർ ഗവ.യു.പി.സ്കൂൾ സ്ഥലം | BL:7<br>375/8 | 33.97ആർ |
| 6 | പുല്ലൂപ്രം ഗവ.എൽ.പി.സ്കൂൾ സ്ഥലം (എൻ,എസ്.എസ്. കരയോഗം വക) | BL:7<br>304/7 | 6.6ആർ |

വില്ലേജ് ഓഫീസിലെ റിക്കോർഡ് പ്രകാരം ക്രമ നമ്പർ 4 പ്രകാരമുള്ള വസ്തു ബഹു.ഗവർണ്ണറുടെ പേരിലും, ക്രമ നമ്പർ 6 പ്രകാരമുള്ള വസ്തു പുല്ലൂപ്രം 744-ാം നമ്പർ ശ്രീകൃഷ്ണവിലാസം എൻ.എസ്.എസ്. കരയോഗത്തിന്റെ പേരിലുമാണ്. അങ്ങാടി മാർക്കറ്റ്, ടാക്സി സ്റ്റാന്റ് പ്രവർത്തിക്കുന്ന സ്ഥലം എന്നിവ രേഖകളിലില്ല.

2. 2001-05 വർഷങ്ങളിലെ കേരള വികസന പദ്ധതിയിൽ പെടുത്തി നിർമ്മിച്ചതും ഷോപ്പിംഗ് കോംപ്ലക്സിനോടു ചേർന്ന സ്ഥിതിചെയ്യുന്നതുമായ വ്യവസായ പരിശീലന കേന്ദ്രം നാളിതുവരെ പ്രവർത്തിച്ചിട്ടില്ല. പ്രസ്തുത കെട്ടിടം അടഞ്ഞു കിടക്കുന്നതായും ജനൽ പാളികൾ തകർന്ന കിടക്കുന്നതായും ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞു.

3. മാലിന്യങ്ങൾ നീക്കം ചെയ്യാനായി ഉപയോഗിച്ചിരുന്ന ട്രാക്ടറും അനുബന്ധ സാമഗ്രികളും ജീർണ്ണാവസ്ഥയിലാണ്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ യഥാവിധി സംരക്ഷിക്കുവാൻ സെക്രട്ടറിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## **(3-23)** അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പൊതുവായ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ/ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(എ)പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

1. നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് സുഗമ സോഫ്റ്റവെയർ ഉപയോഗിച്ച് അല്ല തയ്യാറാക്കുന്നതെങ്കിൽ പ്രാദേശിക ഭാഷയിൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.
2. നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തി നടത്തുന്ന കോൺട്രാക്ടറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേരും ഫോൺ നമ്പറും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും, ഡിസ്പ്ലേ ബോർഡിന് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നും ഉള്ള നിർദ്ദേശം പാലിച്ചിട്ടില്ല.
3. ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും, റോഡ് കണക്റ്റിവിറ്റ് പ്ലാനും നിർബന്ധമായും തയ്യാറാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.
4. ഏതൊരു റോഡ് നിർമ്മാണ പ്രോജക്റ്റിനൊടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രോജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്ന നിബന്ധന പാലിക്കുന്നില്ല.
5. ഗുണഭോക്തൃ സമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്റ്റിൽ പറഞ്ഞിട്ടുള്ള പദ്ധതി പ്രദേശത്തെ നിവാസികൾതന്നെയാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും, സാക്ഷ്യപ്പെടുത്തിയ രേഖ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്റ്റ് ഫയലിൽ ലഭ്യമാക്കണമെന്നുമുള്ള നിബന്ധന പാലിച്ചിട്ടില്ല.

(ബി)എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പുനരുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയ ചെറിയ റീച്ചുകളാക്കി മാറ്റി പ്രോജക്റ്റ് തയ്യാറാക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് കഴിയുന്നില്ല.
2. റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ റോഡിന്റെ പേരല്ലാതെ ഏതുഭാഗം മുതൽ ഏതു ഭാഗം വരെയെന്ന വിവരം ചെയ്നേജ് സഹിതം പ്രോജക്റ്റിലും, എസ്റ്റിമേറ്റിലും ചേർക്കുന്നില്ല.
3. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ, പ്രത്യേകിച്ച് നിരീക്ഷണ ഡാറ്റ (Observed data) തയ്യാറാക്കി നടത്തുന്ന പ്രവൃത്തികളുടെ കാര്യത്തിൽ, അംഗീകരിച്ച ഡാറ്റാ ഷീറ്റ് എസ്റ്റിമേറ്റിനോടൊപ്പം ഹാജരാക്കിയിട്ടില്ല.
4. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക്, തുക ഡെപ്പോസിറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽനിന്നുള്ള (KSEB, KWA) അനുമതി പത്രം ഹാജരാക്കുന്നില്ല.

(സി)പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയില്ല

പ്രോജക്റ്റുകളുടെ മോണിറ്ററിംഗ് ചുമതല ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിനാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. എന്നാൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. പ്രവൃത്തികളുടെ കംപ്ലീഷൻ റിപ്പോർട്ടുകളും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

(ഡി)രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

പ്രോജക്റ്റ് രജിസ്റ്റർ, എം.ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. വാറ്റ്, ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇനങ്ങളിൽ വർക്ക് ബില്ലുകളിൽനിന്നും ഈടാക്കിയ തുക, ആയതിന്റെ ഒടുക്ക് എന്നിവ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

(ഇ)റീടെൻഷൻ തുക വി.പി.എഫ്.എ.1-ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(പി) നം.177/2006/ഫിൻ, തീ. 12.04.06) മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽനിന്നും റിടെൻഷൻ ഇനത്തിൽ ഈടാക്കുന്ന തുക ചെലാൻ മുഖാന്തിരം വി.പി.എഫ്.എ.1 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതും, ഫൈനൽ ബിൽ നൽകുന്ന വേളയിൽ റീടെൻഷൻ തുക പ്രസ്തുത അക്കൗണ്ടിൽനിന്നും ചെക്ക് പ്രകാരം നൽകേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ പാർട്ട് ബിൽ തുക നൽകിയിട്ടുള്ള S.67/16, S.137/16-നമ്പർ പ്രവൃത്തികളുടെ കാര്യത്തിൽ (യഥാക്രമം ഗ്രാമപഞ്ചായത്ത് കെട്ടിടം നിർമ്മാണം, അംഗൻവാടി കെട്ടിടനിർമ്മാണം എന്നിവ) റീടെൻഷൻ തുക മേൽ പറഞ്ഞ പ്രകാരം മാറ്റി നിക്ഷേപിക്കാതെ ബിൽ തുകയിൽനിന്നും കുറവ് ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്.

മേൽപറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (3-24) ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തി- സുതാര്യമല്ല

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 90 മരാമത്ത് പ്രവൃത്തികളിൽ 2 എണ്ണം ഒഴികെ മറ്റെല്ലാം ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചുള്ളവയായിരുന്നു. തൻവർഷം 79 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത് | | | നിർവ്വഹണ രീതി | | അടങ്കൽ തുക | നടപ്പാക്കിയത് | |
|---|---|---|---|---|---|---|---|
| പുതിയ പദ്ധതികൾ | സ്പിൽ ഓവർ പദ്ധതികൾ | ആകെ | കരാർ | ഗുണഭോക്തൃസമിതി | | എണ്ണം | ആകെ ചെലവ് |
| 79 | 11 | 90 | 2 | 88 | 16009487 | 79 | 11816719 |

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർവ്വഹണഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും കാഷ് ബില്ലിൽ അസി.എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി.എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ കാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃസമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെ ആയിരിക്കണമെന്നും ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണമെന്നും പദ്ധതി നിർവ്വഹണമാർഗ്ഗരേഖയിൽ

വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും സുതാര്യതയില്ലാത്തതാണ്. കൺവീനർമാർ ആരും തന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്നതും ശ്രദ്ധേയമായ കാര്യമാണ്.

ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഏറിയ പങ്കും വൻ ലാഭം കിട്ടുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. ഇതേ കാലയളവിൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞനിരക്കിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ലക്ഷകണക്കിന് രൂപ ഗ്രാമപഞ്ചായത്തിന് നിശ്ചയമായും ലാഭിക്കാമായിരുന്നു. കൂടാതെ, ഇ.എം.ഡി, സെക്യൂരിറ്റി ഇനത്തിൽ ലഭിക്കുമായിരുന്ന തുകകളും ഗ്രാമപഞ്ചായത്തിന് വലിയൊരു മുതൽ കൂട്ടാകുമായിരുന്നു. കൺവീനർ പ്രവൃത്തിയുടെ മറവിൽ ബിനാമി കരാറുകാർ പ്രവൃത്തി നടത്തുമ്പോൾ പിഴ ഒടുക്കാതെ പ്രവൃത്തി വർഷങ്ങളോളം നീട്ടികൊണ്ടു പോകുന്നതിനും, പ്രവൃത്തി നിർവ്വഹണത്തിലുണ്ടാകുന്ന വീഴ്ചകളുടെ ബാദ്ധ്യതയിൽനിന്നും ഒഴിവാകുന്നതിനും സാധ്യതയുണ്ട്.

നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ രാജ് ഒഴിവാക്കുന്നതിനും, ജനപങ്കാളിത്തത്തോടെ സുതാര്യമായും, ഗുണനിലവാരം പുലർത്തിയും ചെലവ് ചുരുക്കിയും നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികൾ സുതാര്യമല്ലാത്തതിനെ സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## (3-25) സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കി

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു (സ.ഉ.(എം.എസ്.)നമ്പർ 225/12/ തസ്വഭവ, തീ. 18.08.12 – അനുബന്ധം 1, പാര. 12(viii)]. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെ ഓഡിറ്റ് വർഷം നടപ്പിലാക്കിയ 101.35ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന 73 പ്രവൃത്തികൾ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളവയായിരുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ നീളം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ള പ്രോജക്ടുകളാണ് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളവയിൽ ഏറെയും.

മെറ്റലിംഗിനും, ടാറിംഗിനും നിർമ്മാണ സാമഗ്രികൾ സംഭരിച്ച് അളവ് തിട്ടപ്പെടുത്തി എം. ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ അളവിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചിട്ടുണ്ടെന്നും, ഗുണനിലവാരം പുലർത്തിയാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്നും ഉറപ്പിക്കാൻ ഈ നടപടിമൂലം സാധിക്കും. എന്നാൽ റോഡ് കോൺക്രീറ്റിംഗിന് നിർമ്മാണ സാമഗ്രികൾ സംഭരിച്ച് അളവ് തിട്ടപ്പെടുത്തേണ്ടതില്ലാത്തതിനാൽ ആവശ്യത്തിന് നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കാതെ പ്രവൃത്തി നടത്തി കരാറുകാരന് അധികലാഭം ഉണ്ടാക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. ആവശ്യത്തിന് സിമന്റ് ഉപയോഗിക്കാതിരിക്കുക, എം.സാന്റിന് പകരം പാറപ്പൊടി ഉപയോഗിക്കുക, കോൺക്രീറ്റിംഗിനു ശേഷം ആവശ്യമായ ക്യൂറിംഗ് നൽകാതിരിക്കുക തുടങ്ങിയ അപാകതകളും വ്യാപകമാണ്. ഇവയെല്ലാം പ്രവൃത്തിയുടെ ഗുണനിലവാര തകർച്ചയ്ക്ക് കാരണമാകുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ നീളം (50 മുതൽ 150 മീറ്റർവരെ) റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കുന്ന പ്രവണത ശരിയല്ല.

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെയും, എൽ.എസ്.ജി.ഡി. അധികാരികളുടെയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## (3-26) റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. റോഡിതര ആസ്തികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് പ്ലാൻ എന്നാൽ നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനായി നടത്തുന്ന അറ്റകുറ്റപ്പണികൾ എന്ന് മാത്രമല്ല അർത്ഥമാക്കുന്നത്. ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള പ്ലാൻ എന്നാണ് അർത്ഥമാക്കേണ്ടത് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ – ഖ: 11.1 (x)(b)]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി 5 പ്രൊജക്ടുകൾ മാത്രമാണ് ആവിഷ്കരിച്ചത്. ഇതിൽ 4എണ്ണവും നടപ്പിലാക്കിയില്ല എന്നത് ഭരണസമിതിയുടേയും നിർവ്വഹണ ഉദ്യോഗസ്ഥയുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ചെലവഴിക്കാമായിരുന്ന 12.5 ലക്ഷം രൂപ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയത് | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 5 | 14,00,000 | 1 | 149294 | 12,50,000 | 10.66% |

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1) ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | വൗച്ചർ നം/ തീയതി | നിർവ്വഹണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 57/16 | കുഴൽക്കിണർ നിർമ്മാണം | 137088 | 21500646/ 27.02.16 | ഭൂജല വകുപ്പ്, പത്തനംതിട്ട | പൂർത്തീകരണ വിവരം ഇല്ല |
| 2 | 79/16 | വെളിയത്ത്പടി പ്രാവിൻകൂട് പൈപ്പ് ലൈൻ | 100000 | 21500294/ 20.08.15 | വാട്ടർ അതോറിറ്റി | പൂർത്തീകരണ വിവരം ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | ദീർഘിപ്പിക്കൽ | | | | |
| 3 | 80/16 | പുളിമുക്ക് കാത്തോലിക്കാ പള്ളിപ്പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 100000 | 21500295/ 20.08.15 | വാട്ടർ അതോറിറ്റി | പൂർത്തീകരണ വിവരം ഇല്ല |
| 4 | 112/16 | എബനേസർപടി ഏഴോലിസ്കൂൾപടി സ്ട്രീറ്റ് ലൈൻ | 49922 | 21500296/ 20.08.15 | കെ.എസ്.ഇ.ബി | പൂർത്തീകരണ വിവരം ഇല്ല |
| 5 | 113/16 | കോവേലിപ്പടി എബനേസർ സ്കൂൾപടി സ്ട്രീറ്റ് ലൈൻ | 49922 | 21500298/ 20.08.15 | കെ.എസ്.ഇ.ബി. | പൂർത്തീകരണ വിവരം ഇല്ല |
| 6 | 116/16 | തേക്കാട്ടിൽപടി മുണ്ടക്കാട്ടുപടി സ്ട്രീറ്റ് ലൈൻ | 49922 | 21500299/ 20.08.15 | കെ.എസ്.ഇ.ബി. | പൂർത്തീകരണ വിവരം ഇല്ല |
| 7 | 117/16 | ചിരട്ടോലിപ്പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ബാലൻസ് വർക്ക് | 11000 | 21500297/ 20.08.15 | വാട്ടർ അതോറിറ്റി | പൂർത്തീകരണ വിവരം ഇല്ല |
| 8 | 121/16 | വടക്കേമണ്ണിൽ വടക്കേക്കുറ്റ് പടി സ്ട്രീറ്റ് ലൈൻ | 44908 | 21500300/ 20.08.15 | കെ.എസ്.ഇ.ബി. | പൂർത്തീകരണ വിവരം ഇല്ല |
| 9 | 122/16 | മണ്ണാറത്തറ കുന്നലേത്ത്പടി സ്ട്രീറ്റ് ലൈൻ | 29975 | 21500301/ 20.08.15 | കെ.എസ്.ഇ.ബി. | പൂർത്തീകരണ വിവരം ഇല്ല |
| 10 | 123/16 | മണ്ണാറത്തറ വടക്കത്രു ഇടമണ്ണിൽപടി സ്ട്രീറ്റ് ലൈൻ | 69860 | 21500302/ 20.08.15 | കെ.എസ്.ഇ.ബി. | പൂർത്തീകരണ വിവരം ഇല്ല |

## (4-2) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി തുക ഒന്നും നൽകിയിട്ടില്ല.

## (4-3) വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |

| | | | | | |
|---|---|---|---|---|---|
| E.M.S ഭവന പദ്ധതി | 6973853 | 2345735 | 2058600 | | 287135 |

## (4-4) സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല --

## (4-5) ഓഡിറ്റ് റിക്കവറി

--ഇല്ല--

## (4-6) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## (4-7) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 42491474 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31650827 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 423852 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2583545 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4(2) | | 200000 | ശ്രീ ഫിജു.സി.ജെ, വി.ഇ.ഓ |
| 3-19 | | 223852 | ശ്രീമതി അനിതാകുമാരി.എം.റ്റി, |

| | | | |
|---|---|---|---|
| | | | അസി.എഞ്ചിനീയർ &<br>ശ്രീമതി ലത.എം.എസ്, അസി.എക്സി.എഞ്ചിനീയർ |
| ആകെ | | 423852 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4(2) | 600000 | ശ്രീ ഫിജു.സി.ജെ, വി.ഇ.ഓ |
| 3-5 | 137088 | ശ്രീ.എൻ.സുരേന്ദ്രൻ, സെക്രട്ടറി(അധിക ചുമതല) |
| 3-6 | 70000 | ശ്രീ.എൻ.സുരേന്ദ്രൻ, സെക്രട്ടറി(അധിക ചുമതല) |
| 3-7 | 464848 | ശ്രീ.എൻ.സുരേന്ദ്രൻ, സെക്രട്ടറി(അധിക ചുമതല) |
| 3-8 | 37161 | ശ്രീ.കെ.എസ്.സ്കറിയ, സെക്രട്ടറി |
| 3-9 | 10000 | ശ്രീ.കെ.എസ്.സ്കറിയ, സെക്രട്ടറി |
| 3-10 | 45540 | ശ്രീ.കെ.എസ്.സ്കറിയ, സെക്രട്ടറി |
| 3-17 | 100000 | ശ്രീ.എൻ.സുരേന്ദ്രൻ, സെക്രട്ടറി(അധിക ചുമതല) |
| 3-20 | 1034740 | ശ്രീമതി അനിതാകുമാരി.എം.റ്റി, അസി.എഞ്ചിനീയർ |
| 3-21 | 84168 | ശ്രീമതി അനിതാകുമാരി.എം.റ്റി, അസി.എഞ്ചിനീയർ |
| ആകെ | 2583545 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക-3-4

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.എസ്.സ്കറിയ, സെക്രട്ടറി | വിരമിച്ചു | കരീക്കുന്നേൽ വീട്,<br>നാറാണംമൂഴി.പി.ഓ, |

| | | |
|---|---|---|
| | | റാന്നി പെരുനാട് |
| ശ്രീ.എൻ.സുരേന്ദ്രൻ, സെക്രട്ടറി (അധിക ചുമതല) | അസി.സെക്രട്ടറി,<br>റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് | കൊച്ചുവാല്യപറമ്പിൽ,<br>പിലാപ്പുഴ സൗത്ത്,<br>ഹരിപ്പാട്.പി.ഓ,<br>ആലപ്പുഴ- 690514 |
| ശ്രീമതി അനിതാകുമാരി.എം.റ്റി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് | സൗപർണ്ണിക,<br>ആനന്ദപ്പള്ളി.പി.ഓ, അടൂർ |
| ശ്രീമതി ലത.എം.എസ്, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ,<br>റാന്നി ബ്ലോക്ക് പഞ്ചായത്ത് | മാരേറ്റ് തെക്കേവീട്ടിൽ,<br>പുതുശ്ശേരി.പി.ഓ, തിരുവല്ല-689602 |
| ശ്രീ ഫിജു.സി.ജെ, വി.ഇ.ഓ | വി.ഇ.ഓ,<br>റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് | ജാസ്മിൻ വില്ല,<br>ചാവർകോട്, പാരിപ്പള്ളി.പി.ഓ,<br>കൊല്ലം |

## (4-8) തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 2/363/1997 തീയതി 09-09-1997 | 1 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി 2/30/1998 തീയതി 30-06-1999 | 3 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി 2/586/1998 തീയതി 11-08-2000 | 1 |
| 1999-00<br>(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 2/460/2001 തീയതി 05-11-2001 | 3 |

| | | |
|---|---|---|
| | | |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 2/579/2004 തീയതി 21-03-2005 | 6 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി 2/580/04തീയതി 12-01-2005 | 3 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി.2/756/2004 തീയതി 05-05-2005 | 2 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി 2/65/2005 തീയതി 10-06-2005 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി2/325/2005 തീയതി 14-11-2005 | 2 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി3/924/2007തീയതി 31-01-2008 | 3 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.9/843/2009 തീയതി 30-07-2010 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.9/268/2010 തീയതി 04-04-2011 | 9 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി10/211/11 തീയതി 04-02-2013 | 7 |
| 2008-09 to 2010-11 | എൽ.എഫ്.പി.റ്റി.എ-പി.9/332/13 തീയതി 31-07-2013 | 12 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 6/306/2013 തീയതി 13-08-2014 | 24 |

| | | |
|---|---|---|
| | | |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 6/1203/14 തീയതി 26-03-2015 | മുഴുവൻ ഖണ്ഡികകളും |
| 2013-14 | കെ.എസ്.എ.പി.റ്റി.എ.പി.6/487/16 തീയതി 4.5.16 | മുഴുവൻ ഖണ്ഡികകളും |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.6/681/16 / 21.6.16 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.6/1288/16 തീയതി 2.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

Annexure – 1

No.KSAPTA-P.6/1288/2016 Dated 2.12.2016

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Ranni-Angadi Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ranni-Angadi Grama Panchayat for the year 2015-16 except the obeservations in para 1-3 of this report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Pathanamthitta